
# PMS COLLEGE OF DENTAL SCIENCE & RESEARCH

Golden Hills ,Vattappara,Trivandrum.695028
www.pmscollege.ac.in



PMS COLLEGE OF DENTAL SCIENCE & RESEARCH PRESENTS

# PULSE

# PMS COLLEGE OF DENTAL SCIENCE & RESEARCH

Golden Hills ,Vattappara,Trivandrum.695028
www.pmscollege.ac.in

PMS COLLEGE OF DENTAL SCIENCE & RESEARCH PRESENTS

# PULSE

2018-2019

**Dr.P.S.THAHA**
Chairman
PMS COLLEGE OF
DENTAL SCIENCE & RESEARCH



## MESSAGE FROM CHAIRMAN

The PMS vision is to ensure our College first among all professional dental education institutions and to produce dental professionals with acme expertise, dedication and social commitment. This is seen reflected in the college magazine. Publishing college magazine is an act of joining the noble academic tradition. The readers of the magazine very well feel the pulse of the campus life.

The growth of PMS from the first self-financing Dental college in 2002 to a research center of Ph.D and other major studies is the result of keen dedication and hard work by our team of professionals, students and staff. The college is also the first NAAC accredited Dental College in Kerala. PMS Dental College students now have smart class rooms with lab attached facilities, interaction with International faculties and exposure to leading institutions of the world. For this PMS organized International Faculty Week in the College, signed MOU with foreign Universities like Rutgers University US for students and faculty exchange program and overall the campus is provided with excellent accommodation and other infrastructure facilities. Our students excelled in University examinations and stood first both in cultural events sports and games.

The green campus of PMS is a nostalgia for those loving their alma mater. I appreciate teachers and students behind the production of this college magazine and believe that this endeavor really makes an added effort to our mission of producing global dentists of tomorrow.

**Chairman**

**Dr. N.O. VARGHESE. MDS**
Principal
PMS COLLEGE OF
DENTAL SCIENCE & RESEARCH



## പ്രിൻസിപ്പൽ

ഒരു വട്ടം കൂടി ഓർമ്മകൾ മേയുന്ന കലാലയ മുറ്റത്ത് എത്താൻ കൊതിക്കുന്നവരും പി.എം.എസ്. ഡന്റൽ കോളേജിനെ സ്നേഹിക്കുന്നവർക്കും ഒരുപോലെ ഉപഹാരമായി കാത്തു സൂക്ഷിക്കാൻ ഇഷ്ടപ്പെടുന്ന രീതിയിലുള്ള കോളേജ് മാഗസീനാണ് ഈ വർഷം പി.എം.എസ്. ഡെന്റൽ കോളേജ് പ്രസിദ്ധീകരിക്കുന്നത്.

ഇതിൽ ചിന്തകൾ ഉണർത്തുന്നതും ഭാവന മികവും കൊണ്ട് ഉത്തമമായ രചനകൾ ചേർത്തിട്ടുണ്ട്. ഒപ്പം കലാലയത്തിലെ മനോഹര നിമിഷങ്ങളുടെ ചിത്രീകരണ ദൃശ്യങ്ങളും. ഡന്റൽ കോളേജിൽ ആതുര ശുശ്രൂഷകരാകാൻ പഠിക്കുന്ന വിദ്യാർത്ഥികൾ വെറും പഠിതാക്കൾ മാത്രമല്ല. അവർ സമൂഹത്തിന്റെ വേദനയകറ്റാൻ പ്രവർത്തിക്കാം എന്ന വലിയ ബാധ്യത ഏറ്റെടുത്തവർ കൂടിയാണ്. അർപ്പണമനോഭാവത്തോടെ തങ്ങളുടെ പ്രൊഫഷണൽ ബാധ്യത വിജയകരമാക്കാനുള്ള പരിശീലനവും അവർക്ക് പി.എം.എസ്സിൽ ലഭിക്കുന്നുണ്ട്.

ക്യാമ്പസ് ജീവിതത്തിന്റെ പൾസ് ചിത്രീകരിച്ചിരിക്കുന്ന ഈ കോളേജ് മാഗസിന്റെ ഓരോ പേജും പി.എം.എസ്സിന്റെ ഉൾത്തുടിപ്പുകൾ അറിഞ്ഞവരുടെ രചനകളാണ്. മാഗസിൻ തയ്യാറാക്കുന്നതിനുവേണ്ടി അക്ഷീണം പ്രയത്നിച്ച അധ്യാപകരേയും വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നതിനോടൊപ്പം ഞങ്ങൾക്ക് എല്ലാവിധ പിന്തുണയും പ്രോത്സാഹനവും നൽകിയ പി.എം.എസ്. ഡന്റൽ കോളേജ് ചെയർമാൻ ഡോ. പി.എസ്. താഹയ്ക്കും നന്ദി ഇവിടെ രേഖപ്പെടുത്തുന്നു.

**പ്രിൻസിപ്പൽ**


PMS COLLEGE
OF
DENTAL SCIENCE & RESEARCH
NAAC Accredited Dental College
SSGP
(Student Support Guidance Programme)




PMS COLLEGE
OF
DENTAL SCIENCE & RESEARCH
SSGP




SSGP



# SPORTS CHAKRAVYUH 2018

















# CONVOCATION DAY



















# CONVOCATION DAY



















# DENTIST DAY



















# FACULTY TRAINING PROGRAM








# CERTIFICATE COURSE ON IMPLANTOLOGY







# WORLD WOMEN'S DAY


























# അകലാതെയെൻ പ്രണയം

സൂര്യൻ ഉദിച്ചുയർന്നിട്ടും മഞ്ഞിന്റെ പ്രഭാവം ഇതുവരെ മാറിയിട്ടില്ല. ബസിന്റെ അരികിലെ സീറ്റിലിരുന്നു ഞാൻ പുറത്തേക്ക് നോക്കി. മുപ്പത് വർഷത്തിനുശേഷവും ഒരുമാറ്റവും ഇല്ലാത്ത ചെളിമൂടിയവഴി. ആ പാതയെ സ്നേഹിച്ച് അതിലൂടെ പോകുന്ന കെ.എസ്.ആർ.ടി. സി ബസ്. ഇത്ര വർഷത്തിനുശേഷവും ബസിന്റെ നിറത്തിനൊ, പാതയ്ക്കോ ഒരു മാറ്റവും ഇല്ല. ഞാൻ ഏറെ ഇഷ്ടപ്പെട്ട ഈ ബസ് യാത്രകൾ ഇന്നു എന്നെ ഓർമപ്പെടുത്തുന്നത് ഉള്ളംകൈയ്യിൽ നിന്നും വഴുതിപ്പോയ ഞാൻ കൊതിച്ചിരുന്ന ഒരു ജീവിതത്തെയാണ്. അവനോടൊപ്പമുള്ള ഒരു ജീവിതം. എന്റെ അനുവാദം ഇല്ലാതെ ഒരു കണ്ണീർത്തുള്ളി നിലത്തു പതിച്ചു. ആരെങ്കിലും കാണുന്നുണ്ടോ എന്നു പരിഭ്രമിച്ചു ഞാൻ വേഗം തുടച്ചു ചുറ്റും നോക്കി. ഭാഗ്യം! ബസിൽ കണ്ടക്ടറും ഡ്രൈവറും ഒഴികെ ആകെ മൂന്നു യാത്രക്കാർ മാത്രം.

എനിക്കിറങ്ങേണ്ട സ്ഥലം ഇനിയും എത്തിയിട്ടില്ല. സീറ്റിൽ ചാരിയിരുന്നു ഒന്നു മയങ്ങാമെന്നു നിനച്ചു. പതിയെ പിന്നോട്ടു ചാഞ്ഞു കണ്ണുകൾ അടച്ചു. അപ്പോഴേക്കും അവന്റെ മുഖം മുന്നിൽ തെളിഞ്ഞു. കട്ടിയുള്ള കറുത്ത പുരികങ്ങൾ, തീ ജ്വലിക്കുന്ന ഊർജസ്സുള്ള കണ്ണുകൾ, നീണ്ടുനിവർന്ന മൂക്ക്, കട്ടിത്താടി അതിനാൽ ചുണ്ടുകൾ മൂടിയിരിക്കുന്നു. കാറ്റത്ത് പാറിപ്പറക്കുന്ന കനത്തമുടി. സമയം ഏറുന്തോറും അവന്റെ മുഖം എന്റെ മുന്നിൽ നന്നായി തെളിഞ്ഞു വരുന്നു. ഇടത്തെ പുരികത്തിൽ പണ്ടു എന്റെ കോംപസ് കൊണ്ടു മുറിഞ്ഞ പാട്. അവൻ ഒരു അലങ്കാരമായി കൊണ്ടുനടന്നത് ഞാൻ ഓർത്തു. എന്നും എന്റെ പൊതിച്ചോറിന്റെ പകുതി അവനുള്ളതായിരുന്നു. എന്റെ മനസ്സിന്റെ പകുതിയും. അവൻ അവന്റെ ഹൃദയം പൂർണമായും എനിക്കുതന്നു. പക്ഷേ എനിക്കതിനു തിരിച്ചുസാധിച്ചിട്ടില്ല. അന്യമതസ്ഥനെ പ്രണയിക്കാനുള്ള ഒരു മനസ്സ് എനിക്കുണ്ടായിരുന്നെങ്കിലും, ഒരു അന്യമതസ്ഥനെ തന്റെ ഏക പുത്രിയുടെ വരനായി സ്വീകരിക്കുവാനുള്ളൊരു ഹൃദയം എന്റെ മാതാപിതാക്കൾക്ക് ഉണ്ടായിരുന്നില്ല. അങ്ങനെ വേറൊരുവന്റെ ഭാര്യ

യായി മാറി. മറക്കാൻ ശ്രമിച്ചു. പക്ഷേ നടന്നില്ല. അവനെന്തുപറ്റിയെന്നു അറിയാവുന്നുള്ളവരോടൊക്കെ ചോദിച്ചു. അവർക്കുമറിയില്ല. അവസാനം മനസ്സിന്റെ ഉള്ളിലെ ഒരിക്കലും കെടാത്ത ഒരു തീപ്പൊരിയായി അവൻ ഒതുങ്ങി. അങ്ങനെ വർഷങ്ങൾ കഴിഞ്ഞു. ഒരു ഭാര്യയുടെയും ഒരു അമ്മയുടേയും വേഷങ്ങൾ ഞാൻ ഭംഗിയായി ചെയ്തു തീർത്തു. ഇപ്പോൾ ഒരു വിധവയുടെ വേഷവും ചെയ്യുന്നു.

വീട്ടിലെ ഏകാന്തതയിൽ നിന്നും രക്ഷപ്പെടാനായി ഒരുയാത്ര. യാത്രകൾ എനിക്കെന്നും ഹരമായിരുന്നു. അവനോടൊപ്പമുള്ള യാത്രകൾ പ്രത്യേകിച്ചും. പോകുന്നിടത്തെ പറ്റിയുള്ള എല്ലാ അറിവുകളും പങ്കുവച്ചിട്ടുള്ള യാത്രകളായിരുന്നു ഞങ്ങളുടേത്. മുപ്പത് വർഷത്തിനു മുന്നേ തലയ്ക്കുപ്പിടിച്ച ആ യാത്രകൾക്ക് വീണ്ടെന്നപ്പോലെ വീര്യം കൂടിയിട്ടേ ഉള്ളൂ. സമയം പോയതറിഞ്ഞില്ല. ഇറങ്ങേണ്ട സ്ഥലം എത്തി. മെല്ലെ ബസ്സിന്റെ പടികൾ ഇറങ്ങി ലക്ഷ്യസ്ഥാനത്തേക്ക് നടന്നു. ഒരിക്കലുമില്ലാത്ത ഒരു ഭയം എന്നെ അലട്ടാൻ തുടങ്ങി. അവൻ അവിടെ ഉണ്ടാകുമോ? ചുണ്ടുകൾ വിറക്കുന്നു, ഉള്ളംകൈ വിയർക്കുന്നു. ഒരിക്കൽ മനസ്സിൽ ഉണ്ടായിരുന്ന പ്രണയത്തെ മനസ്സിൽ ധ്യാനിച്ചു മുന്നോട്ട് നടന്നു.

വീടിന്റെ ആദ്യപടി നടന്നു കയറി. വിറയ്ക്കുന്ന കൈകളോടെ കതകിൽ മുട്ടി. ആരും തുറക്കാതിരുന്നപ്പോൾ ശക്തിയായി ഒന്നുകൂടെ മുട്ടി. കുറച്ചു കഴിഞ്ഞപ്പോൾ ഒരു പതിമൂന്നു - പതിനാലു വയസ്സുള്ള ഒരു ആൺകുട്ടി വന്നു കതകു തുറന്നു. എന്റെ മകളുടെ അതേപ്രായം. ഞാൻ അവനെ തുറിച്ചു നോക്കി. അവന്റെ അതെ പുരികം, ചുണ്ടുകൾ പിന്നെ പൊക്കവും. മനസ്സിൽ എന്തെന്നില്ലാത്ത ഒരു പ്രയാസം തോന്നി,. എങ്കിലും ആ കുട്ടി ആരെന്നു ചോദിച്ചപ്പോൾ 'അപ്പൂസിനെ' തിരക്കി വന്നതാണെന്ന് ഞാൻ മറുപടി പറഞ്ഞു. 'അപ്പൂസ്' എന്ന അവന്റെ ഓമനപ്പേര് കേട്ട് കുട്ടി ഒന്നു സംശയിച്ചു നിന്നു, പിന്നെ എന്നോട് അവനെ പിൻതുടരാൻ നിർദ്ദേശിച്ചു.

അവൻ എന്നെ ഒരു ഏകാന്തമായ പറമ്പിലൂടെ നയിച്ചു. ഞങ്ങൾ രണ്ടുപേരും ഒരു വീട്ടിന്റെ മുന്നിലെത്തി. കുട്ടി 'ഇസ്മായേൽ' എന്നു സ്വയം പരിചയപ്പെടുത്തി നടന്നകന്നു. ഞാൻ പതിയെ വീടിനുള്ളിലേയ്ക്ക് പ്രവേശിച്ചു. മാറാലകൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നു ആ വീടിന്റെ മുക്കും മൂലയും. ഒരു സ്ത്രീയുടെ കരസ്പർശം ഇല്ലാത്തത് പോലെ തോന്നി. എല്ലായിടത്തും കണ്ണോടിച്ചു. ജനലിനു അരികെ എന്നെ നോക്കിക്കൊണ്ടിരിക്കുന്ന രണ്ടു കണ്ണുകൾ. ആ പരിചയയമുള്ള കണ്ണുകൾ! അറിയാതെ എന്റെ ചുണ്ടുകൾ അവന്റെ പേരുകൾ ഉരുവിട്ടു. മെല്ലെ അവൻ കസേരയിൽ നിന്ന് എണീറ്റു എന്റെ അടുക്കലേക്കു നീങ്ങി. പ്രകാശത്തിൽ അവനെ ഞാൻ നേരെ കണ്ടു. മെലിഞ്ഞുണങ്ങിയെങ്കിലും അവന്റെ നടത്തത്തിനും ശോഭയ്ക്കും യാതൊരു മാറ്റവും ഇല്ല. ഒരു വിടർന്ന പുഞ്ചിരി അവൻ എനിക്കു സമ്മാനിച്ചു. എന്തെന്നില്ലാത്ത ഒരു സന്തോഷം മനസ്സിൽ പൊട്ടിമുളച്ചു.

വർഷങ്ങളുടെ അകലം ഞങ്ങൾ സംസാരിച്ചു തീർത്തു. എന്നെയും ആലോചിച്ച് ആ മുറിയിൽ കഴിഞ്ഞെന്നു പറഞ്ഞപ്പോൾ എന്റെ തൊണ്ടയിടറി.

എന്റെ പാദസ്വരങ്ങൾ, അവൻ എടുത്തുകാട്ടി. ഒരിക്കൽക്കൂടി തിരിച്ചുപോകാൻ എനിക്കു തോന്നി. അവന്റെ ഭാര്യയായി, അവന്റെ മക്കളുടെ അമ്മയായി. പക്ഷേ, അത് ഇനി സാധ്യമല്ല. എന്നാലും ഞാൻ ഒന്നുറപ്പിച്ചു. ഞാൻ കാരണം നഷ്ടപ്പെടുത്തിയ അവന്റെ സമയത്തിനും വിലപ്പെട്ട ജീവിതത്തിനും പകരം വെയ്ക്കാൻ ഞാൻ എന്റെ ബാക്കിയുള്ള ജീവിതം സമർപ്പിക്കുന്നു. അവസാന ശ്വാസം വരെയും ഇനി അവനുള്ളത്. അവന്റെ കൈയ്യും പിടിച്ച് തിരിച്ച് അവന്റെ വീട് ലക്ഷ്യമാക്കി നടന്നു. മുപ്പത് വർഷത്തെ മുറിവുകളുണ്ട് ഞങ്ങളുടെ യാത്ര അവിടെ ആരംഭിക്കുന്നു.



# നന്മയുള്ള കേരളം

മരണനിഴലിൻ ഭീതിയിൽ മുങ്ങിടുന്ന കേരളം
കുഞ്ഞുപൈതൽ പോലെ നിലവിളിയിൽ, എൻ കേരളം
നോക്കൂ നീ, എൻ കേരളം പേമാരിയിൽ മുഴുകുകയായി
കൊഞ്ചി പുഞ്ചിരിച്ച അരുവികൾ, ആർത്തു
ഇരമ്പിവരവായി
നാടൻ പാട്ടിൻ ഈണം, പരിഭ്രമത്തിൻ തേങ്ങലായി
പച്ച ചൂടിയ സുന്ദരി, ചേറുമേനിയിലേന്തി നിൽക്കുന്നു.
തകർത്തു എന്റെ മണ്ണിനെ, യുദ്ധഭൂമി ആക്കി നീ
എന്തിനു ദൈവമേ ഈ മണ്ണിൽ നീ ശപിച്ചത്.
സങ്കടകടലിൽ ആർന്ന ഈ മണ്ണിൽ മക്കൾ ഉണരുകയായി
ചേറ് പിരണ്ട എൻ അമ്മയേ
ഉയർത്തി ഞാൻ നിർത്തീടും.
നന്മയുള്ള നാട് ഇത് പുണ്യനാട് എൻ കേരളം
ഒന്നു ചേർന്നു പണിതിട്ടും.

ഹിന്ദുവല്ല, മുസൽമാനല്ല ക്രിസ്ത്യാനിയല്ല
മക്കളാണ് ഈ മണ്ണിന്റെ ചങ്കുറപ്പുള്ള മക്കൾ
സൗഹൃദം അണിചേരുകയായി
ഐക്യം എന്നു ഈണത്തിൽ
നഷ്ടമല്ല എൻ മുമ്പിൽ
ഈ ഒരുമയുടെ സന്തോഷമാണ് മനസ്സിൽ
സ്നേഹം തുളുമ്പും തീരമായി
വിളങ്ങിടും അറബിക്കടലിന്റെ റാണി
തിന്മക്കായി വിതച്ചത് കായ്ക്കയായി
പുതുകേരളം
തകരുകയില്ല ഈ കേരളം
പതറുകയില്ല ഈ കേരളം
ഒന്നായി മുന്നേറിടും നന്മയുള്ള എൻ കേരളം



# നോവുമെൻ ആത്മാവ്

ആഞ്ഞടിക്കുന്ന കാറ്റിൽ അവന്റെ മുറിയിലെ ജനാലകൾ താളം പിടിക്കുന്നുണ്ടായിരുന്നു. ഒഴുകിയെത്തിയ കാറ്റിനും കാർമേഘങ്ങൾക്കും എന്തോ ഒന്ന് അവനോട് പറയാൻ ഉണ്ടായിരുന്നു. അതാണ്, ഒരിക്കൽക്കൂടി നീ നീയാവണം! നീ നിന്നിലേക്ക് തിരികെ അണയണം. എന്നാൽ അവരുടെ വാക്കുകൾക്ക് ആയുസ്സ് ഇല്ലായിരുന്നു. അപ്പോഴേക്കും എന്നെന്നേക്കുമായി അവൻ പൂർണ്ണമായി മാറിപ്പോയിരുന്നു.

വേദനകൾക്ക് മൂർച്ചേയേറിക്കൊണ്ടിരിക്കുകയാണ്. അത് ജീവന്റെ തുടുപ്പിൽ തട്ടി എങ്ങോട്ടോ മാറി പോകുന്നു. കണ്ണിൽ നിന്നും വരുന്നോരോ തുള്ളിയും പഴയകാല ഓർമ്മകളെ അടർത്തി എടുക്കുന്നു.

"അമ്മേ.... ഇതുവരേം ഭക്ഷണം എടുത്തില്ലേ..........എനിക്ക് പോവാൻ സമയം ആവുന്നു" രാഹുൽ ഒച്ചയിട്ട് പറഞ്ഞു. 'ദാ......മോനേ, ഇപ്പോ എടുക്കാക്കാം, അമ്മ കരിപിടിച്ച പാത്രങ്ങൾക്കിടയിലൂടെ വിളിച്ചു പറഞ്ഞു.

അന്ന് അവൻ നല്ല ചുറുചുറുക്കുള്ള ഒരു പയ്യൻ തന്നെയായിരുന്നു., സംസാരിക്കാനും ഇടപഴകാനും സ്നേഹിക്കാനും ദേഷ്യപ്പെടാനും ഉള്ള ഒരൊത്ത ആൺ. ആരേയും അവന് പേടിയില്ലായിരുന്നു. പുതുതലമുറയുടെ എല്ലാ സഞ്ചാര പാതയിലൂടെയും അവൻ എത്തിനോക്കുമായിരുന്നു.


വിരലുകൾക്കിടയിലൂടെ വലിച്ചെടുക്കുന്ന വെള്ള രത്നതരികൾ അവനെ കൊണ്ടുപോകുന്നുണ്ടായിരുന്നു. അവൻ പോലും അറിയാതെ ചായം പുരട്ടി മോടികൂട്ടാൻ ഇപ്പോൾ ഒന്നുമില്ല. പകരം, വിരിഞ്ഞ കോഴിക്കുഞ്ഞ് ഉപേക്ഷിച്ചുപോയ മുട്ടത്തോടിനെ പോലുള്ള അവന്റെ തലമാത്രം.

ആവേശം കൂടുമ്പോൾ ആഹ്ലാദം കൂടും. എന്നാൽ അമിതമായാലോ, അത് മനുഷ്യനെ കാർന്ന് തിന്നും. ഇന്നലെ വരെ നടന്നുവന്ന വഴികൾ ഇനി ഓർമ്മയിൽ മാത്രം. കീമോയിലേക്ക് പോകുന്ന വഴികളിൽ അവൻ കാണുന്നത് തന്നോട് യാത്ര പറഞ്ഞു പോകുന്ന മുടിനാരുകളാണ്.

ആയുസ്സിന്റെ മുക്കാൽഭാഗവും അവശേഷിക്കെ മടങ്ങുകയാണ്. ആ യാത്രയിൽ കൂടെകൊണ്ട് വന്ന പലരും ഇന്ന് ഇല്ല. അവർ മുൻപെ പോയി ഒരു യാത്രപ്പോലും പറയാതെ.

അവസാന ശ്വാസവും നിലക്കുന്നതിനു തൊട്ട് പിന്നാലെ അലമുറയിട്ടു കരയുന്ന പെറ്റവയറിനെ അവൻ കാണുന്നുണ്ട്. ആശ്വാസവാക്കിനുപോലും ചെവികോർക്കാതെ അവർ മാഞ്ഞു. ഓരോതരി മണ്ണും അവനിലേക്ക് അടുക്കുമ്പോഴും അവൻ ആഗ്രഹിച്ചിരുന്നു.

ഒരിക്കൽക്കൂടി തിരികെപ്പോയിരുന്നെങ്കിൽ!!



# അതിജീവനം

ജീവിത ചക്രവാളം തിരശ്ശീലയിൽ നീങ്ങവെ
ഞാൻ അറിയുന്നു എന്റെ സ്വപ്നങ്ങളെ,
ഭൂമിദേവിതൻ മടിത്തട്ടിൽ സ്നേഹം
എന്നെ തഴുകീടുമ്പോൾ, മാനവർ തൻ
അഹങ്കാര ലീലകൾ നോവിച്ചിടുന്നു എന്നമ്മയെ
സഹനത്തിൻ വീപ്പ നിറഞ്ഞീടുമ്പോൾ
നോവായ് പൊഴിയുന്നു ജലകണങ്ങൾ....

നോവിച്ചിടുന്നു ഹൃദയം നടുകെ
പിളർന്നും, മരവും മലയും പിഴിതെറിഞ്ഞും
നീ ആനന്ദ നൃത്തമാടീടുമ്പോൾ, അറിയുന്നോ
മനുഷ്യ, നീ നിന്നെ കൊന്നിടുന്നു.
ഹൃദയവേദന സഹിക്കവയ്യാതെൻ ദേവിതൻ
മിഴികൾ നിറഞ്ഞീടുന്നു....

പിഞ്ചോമനകളുടെ കളികൾ നിൻ കണ്ണിൽ
കാമമെരിച്ചിടുമ്പോൾ.....
ബലിഷ്ടമാം നിൻ കൈകളിൽ മൃദുലമാം
മേനി നൊന്തിടുമ്പോൾ
അറിയണം മാനവാ, നിൻ കൈകളിൽ
ഞെരിഞ്ഞിടും ജീവൻ ഭൂമിദേവിതൻ മകൾ

അനന്തമായി ജ്വലിച്ചീടുന്നു അഗ്നി നിൻ മിഴിയിൽ
എരിയുന്നു എൻ കാതുകളിൽ അമ്മതൻ കരച്ചിൽ
പൊഴിയുന്നു നൊമ്പരം മിഴിയിൽ നിന്നും
അറിയുന്നു അമ്മതൻ ശക്തി വിടരുന്നു
കണ്ണുകൾ, നോക്കിടുന്ന അനന്തമാം കാഴ്ച
കാണാൻ
മണ്ണും, വിണ്ണും തോറ്റിടുന്നു നിൻ ശക്തിയിൽ
ഭയക്കുന്നു മാനവർ ജീവനിൽ, അറിയുന്നു
തൻ പാപങ്ങൾ, കേഴുന്നു ഭൂമിയോടായ്....

ജാതിക്കായ് പൊരുതിടും മനുഷ്യൻ
ഉയർത്തുന്നു അതിജീവനത്തിന്റെ നാമ്പുകൾ
അറിയുന്നു, സ്ത്രീയെന്നാൽ അമ്മയാണ്.
ദേവിയാണ് മകളാണ്.... നിൻ കണ്ണിൽ നിറയുന്നു.
സ്നേഹവാത്സല്യം...
മാറിമറയുന്ന കാഴ്ചകൾ കണ്ടുതൻ വറ്റുന്നു
അമ്മതൻ കണ്ണുനീർ, നിറയുന്നു പുഞ്ചിരി
ചുണ്ടുകളിൽ
മക്കൾ തൻ നൊമ്പരം അറിഞ്ഞിടു ദേവി
നൽകുന്നു ദാനമാം ധൈര്യവും
ഐക്യമെന്ന വാചകം നിറയുന്നു ചുണ്ടുകളിൽ
കൈപിടിക്കുന്നു തൻ മക്കളെ, അതിജീവനത്തിന്റെ
നാമ്പ് നടാൻ, കര കേറ്റിടുന്നു ഒന്നിച്ച്
മന്ത്രിച്ചിടുന്നു....സ്നേഹം ഐക്യം, സാഹോദര്യം
അഥവാ... അതിജീവനം....



# പ്രളയ കാഴ്ചകൾ

അവന്റെ മിഴികൾ പതിയെ അടഞ്ഞു തുടങ്ങിയിരിക്കുന്നു., ദേഹമാസകലം മുടിക്കെട്ടുകൾ കുതിർന്ന് പാറക്കല്ലിനേക്കാൾ ഭാരമേറിയായിരിക്കുന്നു. അവന്റെ മനസ്സിൽ അപ്പോഴും എവിടെയൊക്കെയോ ഉയർത്തെഴുന്നേൽപ്പിന്റെ തിരിനാളങ്ങൾ കത്തുന്നുണ്ടായിരുന്നു. പകുതിയടഞ്ഞ ഷട്ടറുകൾ ഇനി തുറക്കപ്പെടില്ലയോ?

ടോണി തന്റെ സ്നേഹനിധിയായ യജമാനന്റെ അനുസരണാശീലനായ ഒരു പട്ടിക്കുട്ടിയാണ്. ഏകദേശം രണ്ടരയാഴ്ച പ്രായമുള്ളപ്പോൾ കറവക്കാരൻ രാജന്റെ കൈയിൽ നിന്നും അലക്സ് അവനെയേറ്റെടുക്കുന്നത് തന്റെ കൂടെപ്പിറന്ന നാല് പട്ടിക്കുട്ടികളെയും പാലൂട്ടി വളർത്തേണ്ട അമ്മയെയും പിരിഞ്ഞ് മനസ്സില്ലാമനസ്സോടെയാവണം അവൻ അലക്സിനൊപ്പം വന്നത്. അലക്സിന്റെ അവശയായികിടക്കുന്ന അമ്മയ്ക്കും കുട്ടിക്കളിവിട്ടുമാറാത്ത ബെന്നിനും ബോബിയ്ക്കും ഒരു കൂട്ടിനായിട്ടായിരുന്നു ടോണിയെ കൊണ്ടുവന്നത്. അധ്യാപികയായ അലക്സിന്റെ ഭാര്യ ടീനയ്ക്ക് തന്റെ കുഞ്ഞുങ്ങളെപോലും സമയം കിട്ടിയിരുന്നില്ല. അതുകൊണ്ട് തന്നെ ടോണിയുടെ മുഴുവൻ ചുമതലയും ബെന്നിനും ബോബിയ്ക്കുമായിരുന്നു. ഒരു കുഞ്ഞനുജനെ നോക്കുന്നപോലെയാണ് ടോണിയെ അവർ വളർത്തിയത്. പ്രൈമറി സ്കൂളുകൾ മൂന്ന് മണിവരെയായതിനാൽ തൊട്ടടുത്ത സ്കൂളിൽ നിന്നും നിമിഷങ്ങൾക്കകം രണ്ടാളും വീട്ടിലെത്തും. സന്ധ്യാനേരത്തെ ചായയും ബിസ്ക്കറ്റും മൂവരും ഒരുമിച്ചായിരിക്കും കഴിക്കുക. സൂര്യൻ തന്റെ കിരണങ്ങൾ അണയ്ക്കുന്നവരെയും വീടിലും പറമ്പിലും അവർ ഓടികളിക്കും. ബെന്നിയ്ക്കും ബോബിയ്ക്കുമൊപ്പം അവനും രാത്രി അവരുടെ റൂമിലായിരിക്കും ഉറക്കം!

വൃത്തിയുടെ കാര്യത്തിൽ സേവനക്കാരെപ്പോലും തോൽപ്പിക്കും വിധേനയാണ് ടീനയുടെ ഓരോരോ പ്രവൃത്തികളും. മക്കളെയോർത്ത് മാത്രമാണ് അവളിന്നും ഇഷ്ടക്കേടുണ്ടായിട്ടും വീട്ടിനകത്ത് ടോണിയെ കയറ്റുന്നത് പോലും. അശ്രീകരം എന്നല്ലാതെ മറ്റൊന്നുപോലും അവൾ വിളിച്ചിട്ടുണ്ടാവില്ല എന്നാൽ ഇതൊന്നും ടോണിയെ ബാധിക്കുന്ന കാര്യങ്ങളെ അല്ലായിരുന്നു. അവൻ ഓടിക്കളിച്ചും പന്ത് കളിച്ചും ഒക്കെ വളരെ സന്തോഷവാനായി കഴിഞ്ഞു.

അസാമാന്യമായ ഒരു അന്തരീക്ഷവ്യതിയാന

കുറച്ചുനാളായി തുടർന്നുവരികയാണ്. അന്നൊരു വ്യാഴാഴ്ചയായിരുന്നു. തുടർച്ചയായ മഴകാരണം രണ്ടുദിവസമായ വിദ്യാഭ്യാസ്ഥാപനങ്ങളൊക്കെ പൂട്ടിയിട്ടിരിക്കുകയാണ് ടീനയും മക്കളും വീട്ടിലുണ്ടായിരുന്നതിനാൽ അലക്സ് അന്ന് ജോലിക്ക് പോയതുമില്ല.

നിശബ്ദമായിരുന്ന ഹാൾമുറിയിലെ കോണിൽ നിന്നും പെട്ടെന്നാണ് ഫോണിന്റെ ബെൽ ശബ്ദം കേട്ടത്. ഫോണെടുത്തതു. മറുവാക്കുനിന്ന് വെപ്രാളത്തിൽ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. "ടീനേ, നമ്മുടെ സ്ഥലവും മുങ്ങാറായി, വേഗം മക്കളെയും എടുത്ത് വാ..... നമുക്ക് രക്ഷപ്പെടാം."

ഇത്കേട്ടപാടെ അവർ രക്ഷാമാർഗങ്ങൾ അന്വേഷിച്ചുതുടങ്ങി. പത്ത് മിനിട്ടിനുള്ളിൽ അവരുടെ വീടിന്റെ താഴത്തെ നിലയും വെള്ളത്തിൽ മുങ്ങികഴിഞ്ഞിരുന്നു. അവശയായ അമ്മയെ എന്ത് ചെയ്യും എന്നായിരുന്നു അടുത്ത ചോദ്യം. എന്നാൽ രക്ഷാപ്രവർത്തനസംഘങ്ങൾ അപ്പോഴേക്കും ആ ഭാഗങ്ങളിൽ വള്ളങ്ങളുമായി എത്തിയിരുന്നു. അമ്മയെ അലക്സ് പെട്ടെന്ന് തന്നെ സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റി. ടീന അപ്പോഴും ജലവും കുട്ടികൾക്കുള്ള അത്യാവശ്യ ഭക്ഷണവും കൈയിൽ കരുതുന്നതിന്റെ തിരക്കിലായിരുന്നു. അമ്മയെ കയററിവിട്ട വള്ളത്തിൽ മൂന്നുപേർക്കുള്ള സ്ഥലം കഷ്ടിച്ചുമാത്രമേ ഉണ്ടായിരുന്നുള്ളൂ. അച്ഛനൊപ്പമേ പോകൂ എന്ന കുട്ടികളുടെ പിടിവാശികാരണം അവർ അടുത്ത വള്ളം വരുന്നതിനായി കാത്ത് നിന്നു.

നിമിഷങ്ങൾക്കകം തന്നെ അടുത്ത വള്ളവും രക്ഷാമാർഗത്തിനായി അവിടെ എത്തി. കുട്ടികളും മുതിർന്നവരും ഒക്കെയായിട്ട് അതിലും നല്ല തിരക്ക് ഉണ്ടായിരുന്നു. എന്നാൽ സമയം ഏറെ വൈകിയതിനാൽ ഇനി ഒരു അവസരം തേടി നില്ക്കുക എന്നൊരു പരീക്ഷണത്തിന് അവർ തയ്യാറായിരുന്നില്ല. വീടിന്റെ മുക്കാൽഭാഗവും വെള്ളത്തിൽ മുങ്ങിയിരുന്നു. പടികൾ കടന്ന് മുകളിലത്തെ നിലയും വെള്ളം കടന്നെത്തിയിരുന്നു. കയറുകൾ വരാന്തയിൽ നിന്നും താഴേക്ക് കെട്ടിയിറക്കി. വള്ളങ്ങൾ വീടിന്റെ കരയിലേയ്ക്ക് അടുപ്പിച്ചു. അലക്സ് മക്കളെയും ടീനയെയും സാവധാനം വള്ളങ്ങളിൽ കയറ്റി. അത്യാവശ്യ സാധനങ്ങളുമായി അവർ അടുത്തുള്ള അഭയകേന്ദ്രങ്ങളിലേയ്ക്ക് യാത്രയായി.

ഗർജിച്ചുകൊണ്ടിരുന്ന മഴയുടെ അലമുറകൾ പിഞ്ചുമനസ്സുകളിൽ ഭയം വാരിവിതറി. ഞെട്ടലിൽ നിന്നും തിരിച്ച് വരാൻ ബെന്നിനും ബോബിയ്ക്കും സമയം വേണ്ടി വന്നിരുന്നു കരഞ്ഞുതളർന്ന എപ്പോഴൊ അലക്സിന്റെയും മടിയിൽ കിടന്ന് ഉറങ്ങിപോയിരുന്ന അവർ, കണ്ണുതുറന്നപ്പോൾ ആദ്യം അന്വേഷിച്ചത് ടോണിയെയാണ്. അപ്പോഴാണ് ടോണി വിട്ടിനുള്ളിൽ അകപ്പെട്ട വിവരം അലക്സും മക്കളും ഓർക്കുന്നത്. "അവൻ അവിടെയെവിടെയെങ്കിലുമുണ്ടാകും" എന്ന് വളരെ ലാഘവത്തോടെ ടീന പറഞ്ഞൊഴിഞ്ഞു. എന്നാൽ അലക്സിനും മക്കൾക്കും അപ്പോഴും ആധിയൊഴിഞ്ഞിട്ടില്ലായിരുന്നു. വള്ളത്തിൽ കയറാൻ നേരത്ത് അവളുടെ കാലിന്റെയടുത്ത് വന്ന് കൂടെ കൊണ്ടുപോകാൻ കൊഞ്ചികൊണ്ടിരുന്ന അവനെ കാല് കൊണ്ട് തട്ടിയിട്ടത് അവളോർത്തെടുത്തു." അവനെന്തെങ്കിലും സംഭവിച്ചുകാണുമോ?" അവളുടെ നെഞ്ചൊന്ന് പിടഞ്ഞു.

ടോണി വെള്ളത്തിൽ മുങ്ങിതാഴ്ന്നുപൊയ്ക്കൊണ്ടിരുന്നപ്പോഴും, ജീവനിൽ കൊതികൊണ്ട് കൈയും കാലുമിട്ട് അടിയ്ക്കുന്നുണ്ടായിരുന്നു., കീറിയ പലകകളിലും ഉരുളിയിലും മറ്റുമായി മാറി മാറി കേറി അവൻ കുറെ ദൂരം താണ്ടിയിരിക്കുന്നു. ഒഴുകി നടക്കുന്ന ഭക്ഷ്യസാധനങ്ങൾ കുതിർന്നിരുന്നിട്ടുപോലും അടക്കാൻ കഴിയാത്ത വിശപ്പ് കാരണം അവനതും വയറിലാക്കി. ടൈറ്റാനിക്ക് കപ്പലിൽ നിന്ന് ജാക്കിനെ പോലെ അവൻ പാളയിൽ ഇരുപ്പിടം ഉറപ്പിച്ച് റോഡരുകിലൂടെ യാത്രയായി. രക്ഷാപ്രവർത്തനങ്ങൾക്കായി നിലവിളിയ്ക്കുന്ന മുത്തശ്ശിമുത്തശ്ശന്മാരെയും ഒരു നേരത്തെ ആഹാരത്തിനായി കൈയുയർത്തികാണിക്കുന്ന കൗമാരക്കാരെയും ഗർഭിണിയായ സ്ത്രീയേയും ഒക്കെ അവർ കണ്ടു. രക്ഷാപ്രവർത്തനങ്ങൾക്കായി രാപ്പകലില്ലാതെ കഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളും ജാതിമതനിറഭേദമെന്യെ ജീവൻ നിലനിൽക്കാൻ നെട്ടോട്ടമോടുന്ന മഹാബലിയുടെ മക്കളെയും കണ്ട്. സ്നേഹിച്ചും അനുസരിച്ചും കഴിഞ്ഞിട്ടും യജമാനൻ ടോണിയെ കൈയൊഴിഞ്ഞപ്പോൾ, അവനെ രക്ഷിക്കാൻ പ്രപഞ്ചത്തിലെ ശക്തിക്ക് സാധിച്ചു. അങ്ങനെ അവന്റെ യാത്ര തുടർന്നുകൊണ്ടേയിരുന്നു. മരച്ചില്ലകളിലും മറ്റും ഇടിച്ച് വഴി തടസ്സമായി മാറിയപ്പോൾ അവൻ വ്യത്യസ്ത മാർഗങ്ങൾ സ്വീകരിച്ച് യാത്ര തുടർന്നുകൊണ്ട് തന്നെയിരുന്നു. അപ്പോഴും ഏതെങ്കിലും വഴി രക്ഷപ്പെടാൻ കഴിയുമെന്ന് അവനുറപ്പായിരുന്നു. അതൊരു ടൈറ്റാനിക്ക് യാത്രയെന്ന് താരതമ്യപ്പെടുത്തിയത് സത്യമായിരുന്നു. വഴിയരികിലെ വലിയൊരു കല്ലിൽ തട്ടി ആ പാളമറിയുകയായിരുന്നു. രക്ഷപ്പെടാൻ എത്ര കഷ്ടപ്പെട്ടിട്ടും നടന്നില്ല. അവന്റെ മനസ്സിൽ ഉത്കണ്ഠ നിറഞ്ഞു. "ഈ പ്രളയതീരത്ത് ഇനിയെത്ര ദൂരം?"



# സങ്കട പുഴ

വാക്കുകളില്ല സങ്കടം ചൊല്ലാൻ, മൗനം മാത്രമായി
സങ്കടപ്പുഴയില്ല ഉള്ളിൽ, അലതല്ലുന്ന മഹാസമുദ്രം മാത്രം
സ്വന്തമാരെന്നറിയില്ല, മിത്രമാരെന്നറിയില്ല
നന്മയ്ക്കുവേണ്ടി അലയുന്നു, തിന്മബാക്കിയായി.
അതിജീവനം മാത്രം മാർഗ്ഗമായി, ഉള്ളിൽ ആളുന്ന അഗ്നിയായി
കോരിച്ചൊരിയുന്ന മഴയിലും കൂരാക്കൂരിരുട്ടിലും,
താങ്ങായി തണലായി എന്നുള്ളില
തീജീവനത്തിന്റെ പ്രകമ്പനം.
എങ്ങുനിന്നോ വന്ന് ആശ്വാസം പകരുന്ന
വാക്കുകളിലും നോക്കിലും അന്ധമായി
വിശ്വാസം നൽകീടല്ലെ-ഉള്ളിന്റെ ഉള്ളിൽ ആളുന്ന അതിജീവനത്തിന്റെ തീക്കനലിനെ
അണയാൻ വിടരുതേ... ആരെയും.
എങ്ങുനിന്നോ വന്ന വേഴാമ്പലിനെപ്പോലെ,
പടിവക്കിൽ വീണുടഞ്ഞ കുപ്പിവളകളെപ്പോലെ
എറിഞ്ഞുടച്ച സൗഹൃദവും, ബന്ധങ്ങളുടെയും
പവിത്രത അതിജീവനത്തിനായി കേഴുന്നു.
അന്ധകാരക്കെട്ടിനുള്ളിൽ എങ്ങുനിന്നോ
വഴി തെറ്റിയ പ്രാണിയെപ്പോലെ ഞെരിഞ്ഞമരുന്ന
ജീവിതം വൃഥാ നോക്കി സഹാനുഭൂതിക്കായ്,
ആ പാവം പ്രാണി, അതിജീവനത്തിന്റെ ഒരിറ്റു-
കണികയ്ക്കായ്, എരിഞ്ഞൊടുങ്ങി
ആ മിണ്ടാപ്രാണി.
അതിജീവനത്തിനായി കേഴുന്ന കരങ്ങളെ,
ഒന്നിച്ചാഞ്ഞടിക്കൂ അതിന്നുള്ളിലെ കൊടുംകാറ്റിനെ
ഒന്നിച്ചണയ്ക്കും ദുഷ്ടപ്രകാശത്തെ
എറിഞ്ഞുടയ്ക്കൂ-
കാപട്യമുഖങ്ങളെ നിന്നിലെ ശക്തിയാൽ
എരിഞ്ഞമരട്ടെ- സർപ്പവും...
കുഞ്ഞുജീവനെ പിടിച്ചമർത്തുന്ന ക്രൂരനെ,
നാമ്പിനെ ചതയ്ച്ചരയ്ക്കുന്ന കാട്ടുമൃഗത്തിനെ
നിന്റെ ശക്തിയാൽ, നിന്റെ രോഷാഗ്നിയാൽ
നിന്റെ ഉഗ്രവിഷത്തിനാൽ, സർവ്വവും ചിന്നിച്ചിതറട്ടെ അതിജീവനമോ
അതിജീവനകരുത്തിനാൽ മാറ്റിയ പുഴയും, വരണ്ടുണങ്ങിയ-
ഭൂമിയും, വിഷമയമായ ഗഗനവും, എത്തിപ്പെടട്ടെ
പുതിയൊരു ലോകത്തിലേക്ക്, എങ്ങും-
അതിജീവനത്തിന്റെ മുറവിളി, എങ്ങും അതിജീവനത്തിനായ്
പ്രക്ഷോഭം എങ്ങും അതിജീവനത്തിന്റെ തലോടൽ,
എങ്ങും അതിജീവനത്തിന്റെ ഇരമ്പൽ
എത്തിപ്പെടുന്നോ പുതിയൊരു അതിജീവന പാത



# നയനങ്ങളിലെ നീർമ്മഴത്തുള്ളി

ബാങ്കു ജോലിയുടെ ക്ഷീണം മാറ്റാൻ അല്പം വിശ്രമിക്കുന്നതിനിടയിലാണ് കോളേജിലെ പഴയ വാട്സാപ്പ് ഗ്രൂപ്പിൽ കയറാൻ തോന്നിയത്. ഗ്രൂപ്പിൽ ധാരാളം മെസേജുകൾ വന്നിരിക്കുന്നു. പത്തുവർഷമായി കോളേജിന്റെ പടി ഇറങ്ങിയിട്ട്. ഇപ്പോൾ ഒരു ഗെറ്റുഗതർ.

വൈകുന്നേരം തന്നെ നാളത്തേക്കുള്ള പണികൾ എല്ലാം ഒതുക്കിവെച്ചു. ഉറങ്ങാൻ കിടന്നിട്ടും ഉറക്കം വരുന്നില്ലാ. കണ്ണുകൾക്ക് വിശ്രമിക്കേണ്ടത്രേ. ചേട്ടനാണേൽ രണ്ടുറക്കം കഴിഞ്ഞു. കുട്ടികളും ഉറങ്ങി. എന്നിട്ടും എനിക്കുറക്കം വരുന്നില്ല. മനസ്സിൽ ഞാൻ സി.എം.എസ് കോളേജിന്റെ വരാന്തയിൽ ഉലാത്തുകയാണ്. മൂന്ന് വർഷത്തെ കഠിനമായ പ്രണയവും അതിന്റെ മാധുര്യവും ചുംബനങ്ങളും ആരോടും പങ്കുവെക്കാതെ ഇപ്പോഴും എന്റെ മനസ്സിനെ ചെറുപ്പത്തിലേക്ക് നയിക്കുന്നു.

സലീമിനോട് എന്റെ ഇഷ്ടം ഞാനാണ് ആദ്യം തുറന്നു പറഞ്ഞത്. ഞങ്ങൾ നടന്ന വരാന്തകളും, കറ

ങ്ങി നടന്ന സ്ഥലങ്ങളും, ആരും അറിയാതെ പോയി കണ്ട സിനിമകളും ഇപ്പോഴും എന്റെ മനസ്സിലുണ്ട്. അന്നു ആരും അറിയാതെ ഞങ്ങൾ പങ്കിട്ട ചുംബനങ്ങൾക്ക് ഏറെ മാധുര്യമുണ്ടായിരുന്നു. ഈ തിരക്കേറിയ ജീവിതത്തിൽ ആ മാധുര്യമേറും നിമിഷങ്ങൾ ഒരിക്കൽ കൂടി ഉണ്ടായിരുന്നെങ്കിൽ. അതെ ഇന്നും എന്നും മനസ്സിൽ ഞാൻ അവനെ സ്നേഹിച്ചുകൊണ്ടിരിക്കുന്നു.

അവൻ മുസൽമാനായിരുന്നു. ഞാൻ ഹിന്ദുവും. എന്നിരുന്നാലും പരസ്പരം മനുഷ്യരാണെന്ന ബോധത്തിൽ ഞങ്ങൾ ഹൃദയം പങ്കിട്ടു. ഞങ്ങൾക്കു ജാതി ഒരു വിഷയം അല്ലായിരുന്നു. പക്ഷേ മറ്റുള്ളവർ കണ്ടതതല്ലായിരുന്നു. വീട്ടുകാരെ പറഞ്ഞു ബോധ്യപ്പെടുത്താമെന്നൊക്കെ ആയിരുന്നു ആദ്യം. ഈ ഒരു ചിന്തയിൽ മൂന്നു വർഷം കടന്നു പോയതറിഞ്ഞില്ല. ഡിഗ്രിയും നേടി. വീട്ടുകാരെ ബോധ്യപ്പെടുത്താൻ സാധിച്ചില്ല. അവസാനം രണ്ടു ജാതികളും തമ്മിൽ ആയി വഴക്ക്. അന്നു ഞാൻ അവനെ ഓർത്തില്ല. വീട്ടുകാർക്കുവേണ്ടി എല്ലാം മാറ്റിവച്ചു.

എന്റെ വിവാഹം നിശ്ചയിച്ചത് വളരെ പെട്ടാന്നായിരുന്നു. പുള്ളിക്കാരൻ എൻജിനീയർ ആയിരുന്നു. വിവാഹം നിശ്ചയിച്ചു ഒരു മാസം കഴിഞ്ഞപ്പോൾ കല്ല്യാണവും കഴിഞ്ഞു. സലീമിനെ കുറിച്ചു ഒരു വിവരവും ഇല്ല. എന്റെ കല്ല്യാണത്തിനെങ്കിലും വരുമെന്നു കരുതി. അതും നടന്നില്ല. കല്ല്യാണം കഴിഞ്ഞു ചേട്ടൻ എന്നെ ഖത്തറിലേക്കു കൊണ്ടുപോയി. കഴിഞ്ഞ ഒൻപതു വർഷങ്ങൽ ഞങ്ങൾ അവിടായിരുന്നു. ഇവിടെ വെച്ചു കുട്ടികളും ജനിച്ചു. ചേട്ടനു അവിടെ വച്ചു ഒരു അപകടം ഉണ്ടായി. ഞങ്ങൾ എല്ലാം നിർത്തി നാട്ടിലേക്കു പോന്നു.

കുടുംബഭാരവും ജോലിയും മൂലം ഈ പത്തു വർഷങ്ങൾ കടന്നുപോയത് ഞാൻ അറിഞ്ഞില്ല. ഞാൻ ഒരു കുടുംബിനി ആയി മാറിക്കഴിഞ്ഞു. യൗവനം കൊഴിഞ്ഞു അടർന്നു മാറി. ഏറെ ചെറുപ്പത്തിൽ തന്നെ വാർദ്ധക്യം പിടിപെട്ടു. എന്റെ തലമുടികൾ നരച്ചു. വീട്ടുപണിയും ജോലിതിരക്കും കാരണം വിശ്രമിക്കാൻ പോലും ഞാൻ മറന്നു പോകുന്നു. പിന്നെ സലീമിനെ ഞാൻ ഓർത്തിരിക്കുമെന്നു നിങ്ങൾക്ക് തോന്നുന്നുണ്ടോ.........

ഹൃദയത്തിന്റെ ഒരു കോണിൽ ചിതലരിച്ചു കിടന്നിരുന്ന ആ ഓർമ്മകൾ എന്റെ മനസ്സു പൊടിതട്ടി എടുത്തിരിക്കുന്നു. .യൗവനത്തിൽ വർദ്ധക്യം ബാധിച്ച എനിക്ക് ഇപ്പോൾ ഒരു ഉൻമേഷം തോന്നുന്നു. സലീമിനെ കണ്ടിട്ടു വർഷങ്ങൾ പത്തായി. അവൻ ഇപ്പോൾ എവിടായിരിക്കും, എന്തു ചെയ്യുന്നു. വിവാഹം കഴിഞ്ഞോ, മനസ്സുകൊണ്ട് അവൻ എന്നെ വെറുത്തുകാണുമോ, അവൻ നല്ലനിലയിലാണോ ഇപ്പോൾ ഉള്ളത്. അവൻ എന്നെ കാണുമ്പോൾ എന്റെ കോലം കണ്ടിട്ടു ഉള്ളിൽ സന്തോഷിക്കുമോ അതോ സഹതപിക്കുമോ, അങ്ങനെ ഒത്തിരിചിന്തകൾ എന്റെ മനസ്സിനെ അലട്ടുന്നു.

എങ്കിലും ഒരിക്കൽ കൂടി, ഒരിക്കൽ കൂടി മാത്രം എനിക്ക് അവനെ കാണണം. അവനൊപ്പം കൈകൾ കോർത്തു പിടിച്ച് ആ വരാന്തകളിൽ കൂടെ നടക്കണം., പരസ്പരം പരിഭവങ്ങൾ പങ്കിട്ടു തീർക്കണം. ആ ദിവസത്തിനായ് എൻ മനസ്സുകൊതിക്കവെ ഞാൻ പോലും അറിയാതെ എൻ നയനങ്ങൾ അടയുന്നു. യാഥാർത്ഥ്യമാവാത്ത സ്വപ്നം സ്വപ്നത്തിൽ എങ്കിലും യാഥാർത്ഥ്യമാവും എന്ന പ്രാർത്ഥനയിൽ........



# ഞാൻ കണ്ട ദൈവങ്ങൾ

ആശുപത്രിയുടെ പുറത്ത് മഴ ശക്തമായി തുടരുന്നു. മഴയുടെ ശബ്ദം വിജനമായ ആശുപത്രിയിലെ വരാന്തയിൽ മുഴങ്ങി കേൾക്കുന്നു. എന്നാൽ രശ്മിയുടെ മനസ്സിൽ വർഷങ്ങളായി തുടരുന്ന വലിയ ഒരു പേമാരി അവസാനിക്കുകയാണ്. നീണ്ട അഞ്ച് വർഷത്തെ പ്രാർത്ഥനകൾക്കും വഴിപാടുകൾക്കും ശേഷം അവൾ അമ്മ ആകുന്നു. നിറഞ്ഞ വയർ മെല്ലെ തഴുകിക്കൊണ്ട് അവൾ ഓർമ്മിച്ചു. തനിക്ക് ഏറ്റുവാങ്ങേണ്ടി വന്ന പരിഹാസങ്ങളും അപ്പോൾ എല്ലാം അവൾക്ക് ശക്തിപകർന്നത് സുരേഷ് ആയിരുന്നു. ദൈവങ്ങൾക്ക് തുല്യമായിരുന്നു സുരേഷ്. അവളുടെ മനസ്സിൽ. ഓർമ്മകളിൽ മുഴുകിയിരുന്ന അവൾ "രശ്മി" എന്ന വിളി കേട്ടാണ് ഉണർന്നത്. ഇനി ദിവസങ്ങൾ മാത്രം മതി താൻ ഒരു അച്ഛനാകാൻ എന്ന സന്തോഷം സുരേഷിന്റെ മുഖത്ത് വ്യക്തമായിരുന്നു. പതിയെ രശ്മയെ എഴുന്നേൽപ്പിച്ചു. അവർ കാറിലേക്ക് നീങ്ങി. മഴ ശക്തമായി തുടരുന്നു. കാറിൽ സുരേഷ് ഒന്നും തന്നെ മിണ്ടിയില്ല. അവളുടെ കൈയിൽ മുറുക്കി പിടിച്ചു അവളെ ഒന്നു നോക്കി. തങ്ങളുടെ 5 വർഷത്തെ ദാമ്പത്യജീവിതത്തിൽ ഇത്രയും വികാരപരമായ നിമിഷം ഉണ്ടായിട്ടില്ല എന്ന് അവൾ ഓർമ്മിച്ചു. വീട്ടിൽ എത്തിയ ഉടനെ ക്ഷീണം കാരണം രശ്മി ഉറങ്ങാൻ പോയപ്പോൾ സുരേഷിനും തീർക്കാൻ ജോലികൾ ഇനിയും ബാക്കി ഉണ്ടായിരുന്നു. മഴയുടെ തണുപ്പും രശ്മിയുടെ കൺപീലികൾക്ക് കനം വർദ്ധിപ്പിച്ചു. പിറ്റേന്ന് നേരം വെളുത്തിട്ടും അവസാനിക്കാത്ത മഴ. ചുറ്റുമുള്ള വീടുകളിൽ വെള്ളം കയറുന്നതായി രാവിലെ ജോലിക്ക് വന്ന ശാന്ത ചേച്ചി പറഞ്ഞു രശ്മി അറിഞ്ഞു. മുമ്പും മഴ

ക്കാലത്ത് അവരുടെ വീടുകളിൽ വെള്ളം കയറുന്നത് ഒരു പതിവായിരുന്നു. എന്നത്തെയും പോലെ ആ ദിവസവും കടന്നുപോയി. നാളെയാണ് രശ്മിയെ ആശുപത്രിയിൽ അഡ്മിറ്റാക്കേണ്ട ദിവസം. വൈകുന്നേരം സുരേഷ് വന്ന് അവളെ കൊണ്ടുപോകും. തന്റെ കുഞ്ഞിനെ കൈയിലെടുക്കുന്ന നിമിഷങ്ങൾ മാത്രമായിരുന്നു അവളുടെ മനസ്സിൽ. പതിവിനും വിപരീതമായ കാര്യങ്ങൾ ആയിരുന്നു പിന്നീട് നടന്നത്. മുറ്റത്ത് വെള്ളം കയറുന്നത് ആദ്യം ശ്രദ്ധിച്ചതും ശാന്ത ചേച്ചിയായിരുന്നു. ഉടനെ നില്ക്കും എന്ന വിശ്വാസത്തോടെ അവൾ ഇരുന്നു. എന്നാൽ കാര്യങ്ങൾ കൂടുതൽ തകിടം മറിയുന്നത് അവർക്ക് നോക്കി നിൽക്കാനെ സാധിച്ചുള്ളൂ. മുറ്റത്ത് നിന്ന് വെള്ളം വീടിനു ഉള്ളിലേക്ക് നിമിഷനേരംകൊണ്ട് കയറി. അച്ഛനും അമ്മയും രശ്മിയെ മുകളിലെ നിലയിലേക്ക് കൊണ്ടുപോയി. സുരേഷിനെ പലവട്ടം വിളിക്കാൻ ശ്രമിച്ചെങ്കിലും അവർക്ക് അതിന് സാധിച്ചില്ല. പിന്നെയും വെള്ളത്തിന്റെ അളവ് ഒരു നില മൂടി. ദൈവങ്ങൾ തനിക്ക് തന്ന കുഞ്ഞിനെ അവർ തന്നെ തിരിച്ചും എടുക്കാൻ പോകുന്നതായി അവൾക്കു തോന്നി. സകല ദൈവങ്ങളെയും വിളിച്ചു. അവൾ പ്രാർത്ഥിച്ചു. മുകൾ നിലയിൽ നിന്ന് നോക്കിയ രശ്മിയുടെ അച്ഛൻ ആ കാഴ്ച കണ്ട് ഞെട്ടി. തങ്ങളുടെ വീട്ടിനു ചുറ്റും വെള്ളം. തങ്ങളുടെ മകളുടെ വിധിയെ ഓർത്തു അവൾ സ്വയം പഴിച്ചു. രശ്മിക്ക് വേദന തുടങ്ങിയിരിന്നു. വേദനകൊണ്ട് അവൾ കരഞ്ഞു. പ്രത്യാശയുടെ ഒരു വെളിച്ചത്തിനായി അവൾ കരഞ്ഞു പ്രാർത്ഥിച്ചു. ആ ശബ്ദം കേട്ടുകൊണ്ട് അവൾ തിരിഞ്ഞു നോക്കുന്നു. തങ്ങളുടെ വീടിന്റെ മുകളിൽ അതാ ഒരു ഹെലികോപ്റ്റർ പറന്നു ഇറങ്ങാൻ ശ്രമിക്കുന്നു. അതിൽ നിന്നും അതാ ഒരു സൈനികൻ തൂങ്ങി ഇറങ്ങുന്നു. തങ്ങളുടെ ആവശ്യം അറിഞ്ഞ് അവർ ഉടനെ രശ്മിയെ അവരുടെ പ്രത്യേക കയർ വഴി മുകളിലേക്ക് കയറ്റി. ആ ഹെലികോപ്റ്ററിന്റെ അകത്തുണ്ടായിരുന്ന എല്ലാ സൈനികരുടേയും മുഖത്ത് അവൾ ദൈവങ്ങളെ കണ്ടു.

കണ്ണു തുറന്നുനോക്കുമ്പോൾ അവൾ ആശുപത്രിയിൽ ആയിരുന്നു. ഒരു കുഞ്ഞിന്റെ കരച്ചിൽ മിഴിയിൽ അലയടിക്കുന്നുണ്ടായിരുന്നു., താൻ മുന്നിൽ കണ്ട എല്ലാ ദൈവങ്ങളെയും അവൾ ഒന്നുകൂടെ മനസ്സിൽ ആലോചിച്ചു. മുന്നിലെ ടി വി യിലെ സംവാദത്തിനിടയിൽ ആരോ ചോദിക്കുന്നത് അവൾ കേട്ടു. “ഈ പ്രളയത്തിൽ നിന്ന് ഇനി എത്ര ദൂരം” അവൾ മനസ്സിൽ മന്ത്രിച്ചു. ഒരേ ഒരു ദൂരം, സ്നേഹത്തിന്റെ ദൂരം.

# അടിമപ്പെണ്ണിന്റെ വേർപാട്



(ഒരിക്കൽക്കൂടി പ്രിയേ............ നിന്റെ ചുടറിയാൻ അവൻ ആഗ്രഹിക്കുന്നു. സാമൂഹികാചരങ്ങളും, ദൃഷ്ടിദോഷവും കൊണ്ടാടിയിരുന്നു കൊച്ചു ഗ്രാമത്തിലെ പ്രമാണിയായിരുന്നു അവൻ. അവന്റെ കീഴിൽ പണിയെടുക്കുന്നൊരു അടിമ പെണ്ണ്)

നട്ട് ഉച്ചയ്ക്ക് പാടവരമ്പിലൂടെ ഓലക്കുട ചൂടി വരുന്ന അവന്റെയെതിരെ......... അവൾ.......... ആ അടിമപ്പെണ്ണ് ദൂരെ നിന്നും അടിമപ്പെണ്ണിന്റെ ഭംഗിയെ അവൻ അറിയാതെ നോക്കി നിന്നുപോയി. താമര കണ്ണുകൾ, മുല്ലമൊട്ട് പോലുള്ള ചിരി, പാറിപ്പറക്കുന്ന മുടിനാരുകൾ., അവനിൽ അറിയാതെയൊരിഷ്ടം. ആദ്യ കാഴ്ചയിൽ തന്നെ. എന്നും അതൊരു പതിവായി അവരുടെ ആ കൂടിക്കാഴ്ച. സൂര്യകാന്തിക്ക് സൂര്യനോടുള്ള പ്രണയത്തെ പോലെ അവളുടെ ഹൃദയത്തിലും അവനെ ആഗ്രഹിച്ചുപോയി.............

ജോലിക്കായിയെത്തുന്ന അവൾക്കരികിൽ അവൻ എന്നും, ഓരോ കാരണങ്ങൾ ഉണ്ടാക്കി അവളിലേക്ക് അടുക്കുവാൻ ശ്രമിച്ചുകൊണ്ടേയിരുന്നു.

വിള്ളലില്ലാതെ അവരുടെ സ്നേഹം പടർന്ന് പന്തലിച്ചു അത് നാട്ടുകാർക്കിടയിലും കാട്ടുതീ പോലെ പടർന്നു. അവർക്കിടയിലേക്ക് ഒരു ജീവന്റെ തുടിപ്പ് ഉണർന്നിരുന്നു. പുഞ്ചിരിയാർന്ന മുഖത്തോടെ അവനെ അറിയിക്കാൻ എത്തിയ അവളെ തേടിയിരുന്നത് ഇരുട്ടിന്റെ കരങ്ങളായിരുന്നു. അവനെ............ അവളിൽ നിന്നും അടർത്തിമാറ്റികൊണ്ട് സമൂഹം അവളെ കല്ല് എറിഞ്ഞു. ഒടുവിൽ പിഴച്ചവൾ എന്ന് മുദ്രകുത്തി അവളെ പരിഹസിക്കുമ്പോൾ സ്വന്തം ജീവനെ മാറോട് അടക്കിപ്പിടിച്ച് മുത്തശ്ശിമാവിന് മുമ്പിൽ അവനെ കാത്തിരുന്നു. അവന്റെ വരവും പ്രതീക്ഷിച്ച്............... ദിവസങ്ങൾ, ആഴ്ചകൾ, മാസങ്ങൾ കടന്നിട്ടും അവൾ കാത്തിരുന്നു............. കാത്തിരിപ്പിന്റെ തീക്ഷ്ണത കൂടിയിട്ടാകാം അവൾ എന്തോ മനസ്സിൽ ഉറപ്പിച്ചു.......................

മുത്തശ്ശിമാവിനോട് അവൾ ചോദിക്കുവാണ്. “അല്ലയോ.......... മുത്തശ്ശി മാവേ........... രണ്ട് ജീവനെ താങ്ങാനുള്ള ശക്തിയുണ്ടോ.........അങ്ങയ്ക്ക്.......... ഞാൻ ജീവിക്കാൻ ആഗ്രഹിക്കുന്നില്ല. ദൈവത്തിന്റെ അടുത്ത് ഞാനും എന്റെ കുഞ്ഞും എന്നും എന്റെ പ്രിയതമനെ തേടി കാത്തിരുന്നോളാം.” പറഞ്ഞ് തീർന്ന ഉടൻ തന്നെ അവളെ ഒരു മന്ദമാരുതൻ തലോടി............... സമ്മതം മൂളിയതാണ് മുത്തശ്ശിമാവ് എന്ന വിശ്വാസത്തോടെ അവൾ ജീവൻ ഒടുക്കി.

കച്ചവടാവശ്യത്തിനായി പോയിട്ട് തിരികെ വന്ന അവൻ അറിയുന്നത്....... അവനെ തേടി അവൾ ഇല്ല എന്ന സത്യത്തെയാണ്. ഒരിക്കലും അംഗീകരിക്കാൻ കഴിയാത്ത ആ സത്യത്തിനോട് അവൻ അലറി മുറവിളി കൂട്ടി. അവനെ അറിയിക്കാൻ വേണ്ടി അവൾ മൂടിവെച്ച സത്യത്തെ അവൻ തിരിച്ചറിഞ്ഞു...........

മുത്തശ്ശിമാവിന്റെ ചുവട്ടിൽ നിന്ന് വിങ്ങിപൊട്ടികൊണ്ട് അവൻ പറയുന്നു. “ എനിക്ക് നീ മാപ്പ് തരണം, ഒരിക്കലും നിന്നെ ഞാൻ ഉപേക്ഷിച്ചതോ, വഞ്ചിച്ചതോ അല്ല.......... ഞാൻ ഒന്നും അറിഞ്ഞിരുന്നില്ല.'

ഒരിക്കൽകൂടി, മന്ദമാരുതൻ അവളെ തലോടിയത് പോലെ അവനെ തഴുകിയിരുന്നു.............. അപ്പോൾ, അവന്റെ ചിന്തകളിൽ അവൾ മുഴുകിയിരുന്നു. ഒരിക്കൽ കൂടി പ്രിയേ.......... നിന്റെ ചുടറിയാൻ അവൻ ആഗ്രഹിക്കുന്നു.

അവൾ (അടിമപ്പെണ്ണ്), അവനെ കാത്തിരിക്കുന്നഏഴ് ആകാശങ്ങൾക്കപ്പുറത്തേക്ക് അവൻ യാത്രയായി................

പവിത്രമായ സ്നേഹത്തെ തേടി.



# അവൾ

രാവിന്റെ ഇരുളലകളിലെവിടെയോ
ആർത്തുരസിച്ചവളുടെ ശബ്ദമിടറവേ
ആത്മാവിലൊരിത്തിരി മങ്ങിയവെളിച്ചം
ആളിയമർന്നുമണഞ്ഞു കത്തവേ.

കാർമേഘചെരുവിൽ വസിപ്പവൾ
കാലചക്രത്തിനുമൊത്തിരി മുൻപേ.
കാന്തമാം കണ്ണുകൾ, കാൽച്ചിലമ്പൊലികൾ
കാർവർണ്ണന്റെ കഥകൾ ചൊല്ലവേ.

സ്നേഹം പകർന്നാടുമൊരു
തമ്പുരാട്ടിയവൾ എല്ലാർക്കുമേ.
ഇന്നുമോർത്തിരിപ്പൂ അവളുടെ
ഇമ്പമാർന്നൊരു ഈരടികളൊക്കെയും.

മുത്തശ്ശിതൻ മടിയിൽ
അടികളുറച്ചു തുടങ്ങിയവളെന്നേ
അമൃതമാം വരികളിലൊഴുകിയിവിടെ
അനന്തമാം കിരണങ്ങളൊക്കെയും.

ചലനങ്ങളിടറുന്നു തിരശ്ശീലയിൽ
ചിലപ്പോഴൊക്കെയും അവളറിയാതെ
ചിതലുകളരിക്കുന്നു പൊടുന്നനെ
ചിന്തകളിലും ചഞ്ചലമാം ചിരിയിലും.
പഞ്ചമാം പതിനേഴിനഴകിലവൾ
പതിവിലും സുന്ദരിയായി നിൽക്കവേ
പുറമെയൊളിപ്പിക്കുന്നല്ലയോ മറ്റും
പൂമണ്ണിലാളുന്നൊരഗ്നിപോൽ- പ്രണയം.

മർത്യനിന്നും മദിക്കുന്ന കാലത്ത്
മാനസമായൊരു ഗ്രഹമാണവളുടെ
മാനവീയം മതിമറന്നൊഴുകിയ
മഞ്ചാടിമണികളുടെ പവിഴമഞ്ചം

എവിടെ പിഴച്ചുപോയെന്നറിയില്ല-
എന്നാണെന്നുമറിയില്ല താനും
എണ്ണിയാലൊടുങ്ങാത്ത ആഗ്രഹങ്ങളെല്ലാം
എങ്ങുമേയെത്തിയില്ല, പാതിയടർന്നുപോയി.

പ്രണയകുരുതിയിലൊടുങ്ങിയവൾ
പതറിയിടറിയ ചലനങ്ങളായിപോയി
പതിമുഖ ബിംബമായിരുന്നവളിപ്പോ-
പാതിമുറിഞ്ഞുപോയി പതിവ്രതയല്ലതാനും.

കാതിൽ-ഹംസമായോതുന്നു
കലഹങ്ങളൊക്കെയും
ഹിതമവനുവളുടെ ഹൃദ്യഭംഗി-
ഹതഭാഗ്യമായവൾ രാസമുഖത്താൽ.

തിരികെ പിടിച്ചവൾ പതറാതെയിടറാതെ
തൻവീതത്തെ മരണക്കിടക്കയിലും
താഴുവാനൊരുക്കമില്ലന്നവൾ തീർത്തു-
തംബുരുമീട്ടുന്നു ശ്രുതിയാർന്നിന്നും.

നീറുന്നമനസ്സിലും വറ്റാത്തസിരയിലും
നനഞ്ഞുനിൽക്കുന്നവളിന്നും ഇവിടെ
നിറകണ്ണാലെന്നെ നോക്കവേ
നിരാലംബയാകുന്നുവോ സമൂഹം?



# രണ്ടാം അദ്ധ്യായം

രാത്രിയുടെ കൂട്ടുപിടിച്ച് നിശബ്ദതയിലൂടെ അയാൾ നടക്കുകയായിരുന്നു. ഒരന്തവുമില്ലാതെ നടപ്പ് തന്റെ കുഞ്ഞോമനയെ മാറോടണച്ച് തന്റെ പ്രിയതമയുടെ കൈയ്യും പിടിച്ചുള്ള ആ നടപ്പിനൊടുക്കം എന്നെന്ന് അയാൾക്കപ്പോഴും നിശ്ചമുണ്ടായില്ല. എല്ലാം വിട്ടെറിഞ്ഞു പോകുകയാണ് അവർ. ആ കൊച്ചുകുടുംബം മുഴുവനും, തങ്ങൾക്കായ് സർക്കാർ അനുവദിച്ചു തന്ന വാസസ്ഥലത്തേക്ക്.

ബാലുവിനാകെ ഒരു നെഞ്ചിടിപ്പാണ് തലേന്നു നടന്ന സംഭവത്തേക്കുറിച്ച് ഓർക്കുമ്പോൾ തന്നെ ചെവിയിൽ ഇരച്ചു നൽക്കുന്നത് തന്റെ അയൽക്കാരുടെയും നാട്ടുകാരുടെയും അലമുറകളും നിലവിളികളും മാത്രം. ഒരു നിമിഷം കണ്ണടയ്ക്കാൻ പോലും പറ്റുന്നില്ല. ഭീതിനിഴലിച്ച രൂപങ്ങൾ അവന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. അവന്റെ ഉറക്കം അങ്ങനെ എന്നെന്നേക്കുമായി നഷ്ടമായിരിക്കുന്നു."ഇനിയെന്ത്" എന്നുള്ള ചോദ്യത്തിനുമുന്നിൽ.

വർഷങ്ങളായി ഗൾഫിലെ അദ്ധ്വാനമാണ് അവന്റെ സ്വപ്നമായ രണ്ടുനില വീട്. ഒരാഴ്ച മുന്നേ നാട്ടിലേക്ക് വന്ന് തന്റെ ജാനിക്കുട്ടിയോടും രമ്യയോടുമൊപ്പം നാട്ടാരെ വിളിച്ച് സദ്യയൊക്കെ കൊടുത്താണ് ബാലു തന്റെ "സ്വപ്നക്കൂടി' ന്റെ പാലുകാച്ച് നടത്തിയത്. വളരെ വർഷങ്ങളായിട്ടുള്ള അയാളുടെ വിശപ്പിന്റെയും, വിയർപ്പിന്റേയും അധ്വാനത്തിന്റെയും ഫലം. ആ വീട്ടിൽ കിടന്നുറങ്ങുമ്പോൾ അവനുണ്ടായിരുന്ന സന്തോഷം സമാധാനം ഇനിയൊരിക്കലും അവനെ തേടിയെത്തില്ല എന്നാലോചിക്കുമ്പോൾ അവന്റെ കണ്ണുകൾ അറിയാതെ നിറഞ്ഞൊഴുകി.

ബാലുവിന് എല്ലാം ജീവിതം വഴിമുട്ടിയ അവസ്ഥയിലേക്ക് എത്തിയിട്ട് ഇന്നേയ്ക്കു മൂന്നാം നാൾ. തന്റെ കുഞ്ഞിനേയും ഒക്കത്തെടുത്ത് രമ്യയെയും കൂട്ടി അവൻ അവന്റെ "സ്വപ്നക്കൂട്ടിൽ നിന്നും ഇറങ്ങി, രക്ഷകരായെത്തിയ വഞ്ചിക്കാരോടുമൊപ്പം അത്രയും നേരം സകലദൈവങ്ങളേയും വിളിച്ച് ജീവൻ രക്ഷി

ക്കാൻ ഒരു പഴുതുണ്ടാക്കി തരണമേ എന്നേ അവൻ പ്രാർത്ഥിച്ചുള്ളൂ.

പ്രളയത്തിന്റെ നാളുകൾ ഒരിക്കലും അവനു മറക്കാൻ കഴിയില്ല. അതിനെക്കുറിച്ച് ഇപ്പോൾ ഓർത്താലും അവന്റെ രോമകൂപങ്ങൾ എഴുന്നുനിൽക്കും. അവന്റെ കണ്ണിൽ ഭീതിനിഴലിക്കും, അവന്റെ മനസ്സിൽ ആയിരം നന്ദി. അവൻ തന്റെ രക്ഷകരോട് അറിയിക്കും. ആ രാത്രിയിൽ അവൻ രമ്യയോടും ജാനിക്കുട്ടിയോടും യാത്രപറഞ്ഞ് തിരിച്ച് ഗൾഫിലേക്കുമടങ്ങാനുള്ള തയ്യാറെടുപ്പിലായിരുന്നു. എല്ലാ സാധനങ്ങളും എടുത്തുവെയ്ക്കാനും, ബാഗുകളിൽ നിറക്കാനാണെങ്കിലും നിറകണ്ണോടെയെങ്കിലും രമ്യയും ഉണ്ടായിരുന്നു. എല്ലാം കഴിഞ്ഞു നന്നേ ക്ഷീണിച്ചാണ്എല്ലാവരും കിടന്നത്. ജാനക്കുട്ടി മാത്രം നല്ല ഉറക്കത്തിലായിരുന്നു. പാവം ജാനി.

എവിടുന്നെല്ലാമോ ബഹളവും അലമുറയും കേട്ടാണ് ബാലു ഞെട്ടിയെഴുന്നേറ്റത്. എന്താണ് സംഭവിച്ചതെന്നറിയാതെ. കണ്ണുതുറന്നു നോക്കുമ്പോൾ കാണുന്നതോ കട്ടിലിന്റെ താഴെയാകെ വെള്ളം. റൂമുകളിലേക്ക് വെള്ളം കയറിയിരിക്കുന്നു. അവന് ആദ്യം ഒന്നും മനസ്സിലായില്ല. പക്ഷേ പുറത്തുനിന്നുള്ള ബഹളവും നിലവിളികളും അവനെ അവന്റെ സ്വബോധത്തിലേക്ക് തിരിച്ചെത്തിച്ചു. ആരൊക്കെ തൊണ്ടയമറി എന്തൊക്കെയോ പറയുന്നു. അവൻ കാതുകൂടുതൽ കൂർപ്പിച്ചു. "ഡാമൊക്കെ തുറന്നുവിട്ടിരിക്കുകയാണ്., പെട്ടെന്ന് എല്ലാവരും വീടുകൾ വിട്ടൊഴിയണം. അവൻ ഞെട്ടിപ്പോയി.

കാലുതാഴെ തൊടാൻ വയ്യാത്ത രീതിയിൽ മുറിയിലേക്ക് വെള്ളം ഇരച്ചു കയറിക്കൊണ്ടേയിരിക്കുന്നു. അവനെന്തുചെയ്യണം എന്നറിയാതെ ആയിപ്പോയി. പെട്ടെന്നുതന്നെ രമ്യയും വിളിച്ചുണർത്തി അവൻ അപ്പുറത്തെ റൂമിലേക്ക് ഓരോട്ടമായിരുന്നു. തന്റെ കുഞ്ഞിനെ ഒരു നോക്കുകാണാൻ. അവൾക്കു കുഴപ്പമൊന്നുമില്ല എന്നൊന്നറിയാൻ അവന്റെ ഹൃദയം വെമ്പി. ജാനിക്കുട്ടി സുഖമായിട്ട് ഒന്നുമറിയാതെ ഉറങ്ങുന്നത് കണ്ടപ്പോഴാണ് ബാലുവിന് പാതിജീവൻ കിട്ടിയത്. അവൻ തന്റെ കുഞ്ഞിനേയും എടുത്ത് രമ്യയുമായി വീടിന്റെ മുകളിലത്തെ നിലയിലേക്ക് ഓടിക്കയറി.

വീടിന്റെ ടെറസ്സിൽ നിന്നും താഴേക്കുനോക്കുമ്പാഴാണ് ബാലുവിന് കാര്യങ്ങളുടെ കിടപ്പ് മനസ്സിലാകുന്നത്. അപ്പുറത്തയൊക്കെ വീടിന്റെ ടെറസ്സിലും അവരെപ്പോലെതന്നെ ആൾക്കാർ നിറഞ്ഞുനിൽക്കുന്നു. എല്ലാവരും പേടിച്ചരണ്ടിരിക്കുന്നു. അപ്പുറത്തെ ശോശാമ്മ ചേടത്തിയുടെ ഒറ്റനില വീട് മുഴുവൻ ഇടിഞ്ഞു പൊളിഞ്ഞ് വീണിരിക്കുന്നു. അവന്റെ വീടിന്റെ ഒരു ഭാഗവും ഇടിഞ്ഞിരിക്കുന്നു. എല്ലായിടത്തും വെള്ളം മാത്രം. വെള്ളം കുത്തിയൊഴുകി വന്നുകൊണ്ടേയിരിക്കുന്നു. ജാനികുട്ടി അപ്പോഴും അമ്മയുടെ ചൂടുപിടിച്ച് ഉറങ്ങുകയായിരുന്നു. എന്തുചെയ്യണം എന്നറിയാതെ അവൻ വളരെ നിസ്സഹായനായി രമ്യയുടെ മുഖത്തേക്കു നോക്കി. അവളാണെങ്കിൽ കരച്ചിലിന്റെ വക്കിൽ എത്തിയിരിക്കുന്നു. അപ്പോൾ എവിടെ നിന്നെറിയാതെ ഒരു വള്ളത്തിൽ സൈറണുമൊക്കെയായി കുറേ ആൾക്കാർ ടോർച്ചുമടിച്ച് റോന്തുചുറ്റുന്നത് അവന്റെ ശ്രദ്ധയിൽപ്പെട്ടു. ഓരോ നിമിഷവും ജലനിരപ്പ് ഉയർന്നുവന്നുകൊണ്ടേയിരുന്നു. എങ്ങനെയെങ്കിലും അവരുടെ ശ്രദ്ധപിടിച്ചുപറ്റിയെപറ്റൂ. പക്ഷേ മനസ്സുവന്നില്ല. അവന്റെ ഒരായുഷ്കാലസമ്പാദ്യം അവിടുപേക്ഷിച്ചു പോകാൻ. എല്ലാം വിട്ടെറിയാൻ, അവനു തോന്നിയില്ല. എന്നാലും തന്റെ ജാനിക്കുട്ടിയുടെ നിഷ്കളങ്കമായ മുഖത്തിനുമുന്നിൽ അതൊന്നും ഒരു പ്രശ്നമല്ലാതെയായി. അലമുറയിട്ടും കൂക്കിവിളിച്ചും വള്ളത്തിലുള്ളവരുടെ ശ്രദ്ധ ആകർഷിക്കാൻ ശ്രമിച്ചികൊണ്ടേയിരുന്നു.

ഒടുവിൽ ദൈവഹിതംപോലെ ഒരാൾ അവന്റെ നേർക്കുതിരിഞ്ഞു. അവരുടെ വീടിന്റടുത്തേക്ക് വള്ളവുമായെത്തി. ദൈവദൂതൻമാരെപോലെ. രമ്യയെയും കുഞ്ഞിനെയും വള്ളത്തിലേയ്ക്ക് കയറ്റുമ്പോഴും അയാൾക്ക് തന്റെ സ്വപ്നക്കൂടു വിട്ടുപോകാൻ മനസ്സു വന്നില്ല. എന്നാലും ഭാര്യയുടെയും കുഞ്ഞിന്റെയും കരച്ചിലിനു മുന്നിൽ വേറൊന്നും അയാൾക്ക് അപ്പോൾ മഹത്തരമായി തോന്നിയില്ല. അവരോടൊപ്പം അയാളും കയറി ആ വള്ളത്തിൽ, മാറിയുടുക്കാൻ ഒരു തുണിപോലും എടുക്കാതെ, ജീവിക്കാനായുള്ള യാത്ര.

പലരും ജീവനുവേണ്ടി കേഴുന്ന അവസരം എല്ലാം അയാൾ നേരിട്ടുകണ്ട ജിവിതത്തിലെ കുറേ നിമിഷങ്ങൾ. രക്ഷപ്പെടുത്താനായി കെഞ്ചുന്നവർ, അലമുറയിടുന്നവർ, കടപുഴകി വീണ മരങ്ങൾ, ചത്തുമലർന്ന കന്നുകാലികൾ, അങ്ങനെ എന്തെല്ലാം ഓരോ കാഴ്ചയിലും തന്റെ കുഞ്ഞിനേയും ഭാര്യയേയും അയാൾ മുറകെ പിടിക്കുന്നുണ്ടായിരുന്നു.

എല്ലാവരേയും പലവഴിക്ക് പലസ്ഥലത്തേക്കു കൊണ്ടു പോകാനായി ലോറികളം ജീപ്പുകളും അണിനിരന്നും രോഗികൾക്കായി ആബുലൻസുകളും.അയാൾ തന്റെ ജാനികുട്ടിയേയും പേറി വണ്ടിയിൽ കയറിയിരുന്നു. രമ്യയുടെ കൈയ്യും പിടിച്ച്. എങ്ങോട്ടെന്നില്ലാതെ ആ രാത്രിയിൽ, നാട്ടുകാരുടേയും ദേശവാസികളുടേയും സർക്കാരിന്റെയും കാരുണ്യത്തിൽ ജീവിക്കാൻ.

സമ്പന്നതയിൽ നിന്നും ഒരു രാത്രികൊണ്ട് ഒന്നുമില്ലായ്മയിലേക്കെത്തിയ തന്റെ ജീവിതവുമായി അയാളുടെ ജീവിതത്തിലെ പുതിയൊരദ്ധ്യായം അവിടെ തുടങ്ങുകയായിരുന്നു. എല്ലാത്തിനും കൂട്ടായ വലംകൈയിൽ രമ്യയും,. ജാനിക്കുട്ടിയുടെ നിഷ്കളങ്കമായ പുഞ്ചിരിയും അതുതന്നെ ബാലുവിന്റെ ശിഷ്ടജീവിതം ജീവിക്കാനുള്ള ശക്തിയും, മുതൽക്കൂട്ടും.



# എന്റെ യാത്രാനുഭവം

ജീവിതനേർക്കാഴ്ചയുടെ വഴിയിടയിലൂടെ സഞ്ചരിച്ച ദിനങ്ങളായിരുന്നു അത്. ചുടുചോരനിറഞ്ഞ പോർക്കളത്തിലൂടെ പോകുന്ന അനുഭവമായാണെനിക്ക് തോന്നിയത്. ചോരഗന്ധത്തിനു പകരം തണുത്ത് വിറങ്ങലിച്ച കേരളഭൂമിയാണെന്ന് മാത്രം.വയൽ പാടത്തിനരികിൽ കൊക്കിയൊരുമ്മി നിൽക്കുന്ന കൊക്കുകൾക്ക് പകരം തണുത്ത് വിറങ്ങലിച്ച് നടുങ്ങി ഭീതിയോടെ നിൽക്കുന്ന പറവകൾ മാത്രം. എങ്ങും ശ്മശാനമൂകത.

നാഥനില്ലാതെ കലിതുള്ളിയോടുന്ന കന്നുകാലികൾ, ഇണയെതിരയുന്ന പറവകൾ, അനാഥരായ പൈകിടാങ്ങൾ, സ്വഗൃഹം നഷ്ടപ്പെട്ട ഇഴജന്തുക്കൾ. മനുഷ്യരേയും മാനുഷികവസ്തുക്കളേയും പറ്റി സമൂഹമാധ്യമങ്ങൾ വിവരിക്കുമ്പോൾ തങ്ങൾക്ക് സംഭവിച്ച ദുഃഖത്തിൽ കുതിർന്നു പരിഭവവും സങ്കടവും പറയാനാകാത്ത ആ മിണ്ടാപ്രാണികളെ വീക്ഷിക്കാനായിയാണ് ഞാൻ എന്റെ യാത്ര തുടങ്ങിയത്.

ഈ പ്രളയകാലത്ത് ഏറ്റവും കൂടുതൽ നാശനഷ്ടം ഉണ്ടാക്കിയ സ്ഥലങ്ങളിലുൾപ്പെട്ട വയനാട്ടിൽ നിന്നാണ് ഞാൻ ആരംഭിച്ചത്. പ്രകൃതിരമണീയത തുളുമ്പുന്ന സ്ഥലങ്ങളിൽ ഒന്നാണ് വയനാടൻ ഉൾപ്രദേശം. മുമ്പ് ഈ വനമദ്ധ്യത്തിലൂടെ നടന്നപ്പോൾ താൻ അനുഭാവിച്ച കുളിർ കാഴ്ചകൾ അനുസ്മരിച്ച് പോയി. കളകളാരവം പാടിയ പുഴയും, കിളികളുടെ ബഹളവും, ചീവിടിന്റെ വിളിയും ഇന്നും കാതുകളിൽ മുഴങ്ങുന്നു. എന്നാൽ ഇന്ന് ഈ കൊടും കാനനത്തിലും നിശബ്ദത. ശ്മശാനമൂകത! കറുപ്പിനെ തോൽപ്പിക്കുന്ന അന്ധകാരം. നിശബ്ദത പങ്കുവയ്ക്കുവാനെന്നപോലെ ചീവിടിന്റെ കരച്ചിലും അപ്രത്യക്ഷ്യമായിരിക്കുന്നു. കടപുഴകി വീണ മരങ്ങളുടെ മുകളിലൂടെ നടക്കുമ്പോൾ എന്റെ നാടിന്റെ അവസ്ഥയോർത്ത് ഹൃദയമിടിക്കുകയാണ്.

ഇലകളെല്ലാം ഒലിച്ചുപോയി. ഉരുൾപൊട്ടലും കാറ്റും മഴയും ആകെ അലംങ്കോലമാക്കിയിരിക്കുന്നു. നമ്മുടെ ഈ കേരളനാട്. ആധുനിക നിയമങ്ങൾ എത്തിനോക്കാത്ത ഈ നാടൻ ഉൾഗ്രാമങ്ങളിൽ അകപ്പെട്ട മനുഷ്യരും, സഹജീവികളും ഒത്തിരി ഉണ്ട്. ആരും കാണാതെ തടികളുടെ ഇടയിലും, കുറ്റിക്കാട്ടിലും അഭ

യം തേടി ഒളികണ്ണിട്ടെന്നെ നോക്കുന്ന കുറേ മാൻപേടകൾ. ഇണയെ തിരഞ്ഞ് ഒരു വൃക്ഷത്തിൽ നിന്ന് വേറൊരു വൃക്ഷത്തിലേക്ക് ഓടുന്ന അണ്ണാറക്കണ്ണന്മാർ. ഈ മൂകരായ ജീവികളെ പറ്റി ഒന്നോർമിച്ചില്ല നമ്മൾ. അവർക്കും കുടുംബവും, കുഞ്ഞുങ്ങളും സ്നേഹബന്ധങ്ങളുമുണ്ട്. നമ്മളിൽ നിന്ന് ഒരു പടി മുന്നിൽ ആണെന്ന് മാത്രം. ആ ബന്ധങ്ങളുടെ ആഴവും ശക്തിയും.

ഓരോ ജീവിതവും ഓരോ പാഠങ്ങളാണ്. അരിമണി ശേഖരിച്ച്വെച്ച് ഉറുമ്പുകൾ ശൈത്യകാലത്തെ വരവേൽക്കാനിരുന്നതാണ്. എന്നാൽ ഇന്ന് അവയെല്ലാം പ്രളയത്തിൽ ഒലിച്ചുപോയി. കൈയ്യും മെയ്യും രാപ്പകലില്ലാതെ അദ്ധ്വാനിച്ച് സ്വരുക്കൂട്ടിവച്ച കാശ് കൊണ്ടുണ്ടാക്കിയ കിടപ്പാടം ഒരു നിമിഷത്തിൽ ഒലിച്ചുപോയതോർത്ത് വിലപിക്കുന്ന ഒരു ഗൃഹനാഥനെ ഞാനവിടെ കണ്ടു. തന്റെ കുഞ്ഞുങ്ങൾ ഇട്ടുമാറാൻ വേറെ വസ്തങ്ങൾ ഇല്ല. തുണിത്തരങ്ങൾ ഒന്നും തന്നെ ഇല്ല. ഭക്ഷണം ഇല്ല. കിടപ്പാടം പോലും ഇല്ലാതെ ഇക്കണ്ട ദിനങ്ങളെല്ലാം കഴിച്ചുകൂട്ടി.

ഈ ജീവിതത്തിലും ഭേദം മരണമായിരുന്നു എന്ന് പരിഭവം പറയുന്ന മറ്റുചിലർ. ഇനിയൊരു ദുരന്തം ആർക്കും ഉണ്ടാകല്ലെയെന്ന് പ്രാർത്ഥനയാണ് ജീവജാലങ്ങളിലെല്ലാം ഞാൻ കണ്ടത്. ഓരോ അമ്മമാരെയും ഗൃഹനാഥന്മാരേയും വിധവകളേയും അനാഥകുഞ്ഞുങ്ങളേയും കാണുമ്പോൾ ഓരോ കഥകൾ അവർക്കുള്ളിൽ തിങ്ങിനിറഞ്ഞ് നിൽക്കുന്നപോലെനിക്ക് തോന്നി. ഇനിയുമൊരുപാട് എഴുതാനുണ്ട്. ജീവിതയാഥാർത്ഥ്യത്തിൽ ഉൾക്കൂട്ടിൽ നിന്ന് നോക്കുമ്പോൾ ഈ കഥ ഇവിടെ അവസാനിക്കുകയല്ല മറിച്ച് തുടരുകയാണ് ചെയ്യുന്നത്.



# ജലംകൊണ്ട് മുറിവേറ്റവർ

ഓർമ്മവച്ചകാലം മുതൽ അവൾ നെഞ്ചിലേറ്റിസ്നേഹിച്ചത് ചാലക്കുടിപ്പുഴയായിരുന്നു. അന്ന് അത്രയൊന്നും യന്ത്രവക്തൃതമല്ലാതിരുന്ന ഭൂലോകത്തിൽ നാട്ടിലെ പ്രമാണിമാരുടെ വിഴുപ്പുതുണികൾ അലക്കി, തേച്ചുമടക്കിയാണ് അവളുടെ അമ്മച്ചി ഇഹലോകവാസം വെടിഞ്ഞ് ഇങ്ങകലെ ഭൂലോകത്തിലെ ഒരു കോണിൽ ഒരു നേരത്തെ അന്നത്തിന് പോലും നരകിക്കുന്ന അഞ്ചാറുജന്മങ്ങളെ നോക്കിയിരുന്ന അപ്പച്ചനാണ് മൂന്നു മക്കളുടേയും കാതുകേൾക്കാത്ത വല്യമ്മച്ചിയുടേയും ജീവിതത്തിലെ ചുളിവുകൾ നിവർത്തിയെടുത്തുകൊണ്ടിരുന്നത്. അമ്മച്ചിയുടെ പഴകിദ്രവിച്ച ഓയിൽസാരിയുടെ തുമ്പിൽ പിടിച്ചുകൊണ്ട് വിഴുപ്പുതുണികളുടെ കുട്ടയുമായി പുഴയുടെ തീരത്തെ നനഞ്ഞമണ്ണിൽ ബാല്യം. വറ്റില്ലാത്ത കഞ്ഞിവെള്ളം കുടിച്ച രാത്രിയിൽ വല്യമ്മച്ചിയുടെ നെഞ്ചിൽ ഒട്ടിക്കിടക്കുമ്പോഴും സോപ്പുപത പൊന്തിക്കിടക്കുന്ന പുഴയിലെ ഓളങ്ങൾ അവളുടെ സ്വപ്നങ്ങളിൽ കുഞ്ഞോളങ്ങൾ ഉണ്ടാക്കി...........

അവളുടെ കൗമാരത്തിന്റെ പകുതിയിൽ വിഴുപ്പനാറുന്ന വീട്ടിൽ നിന്നും സോപ്പുപത തുളുമ്പുന്ന ചാലക്കുടിപ്പുഴയുടെ ഓളങ്ങളിൽ നിന്നും രക്ഷപ്പെട്ട് അമ്മച്ചിയും സുഖവാസത്തിന് അപ്പച്ചനൊപ്പം പോയപ്പോൾ തനിക്കുതാഴെയുള്ള രണ്ടു ജന്മങ്ങളും വല്ല്യമ്മച്ചിയും വിഴുപ്പലക്കുവാൻ ഒരുവളെ ആവശ്യമില്ലാത്ത യന്ത്രവത്കൃതമായിക്കൊണ്ടിരുന്ന ലോകവും അവളുടെ കണ്ണിലും നെഞ്ചിലും സോപ്പുപൊടി വാരിയിട്ടു കനപ്പിച്ചു കളഞ്ഞു.

അന്നുമുതൽ വിദ്യാഭ്യാസത്തിന്റെ ലോകം കൊട്ടിയടച്ച് ഒരു തുണിക്കടയിൽ നിറപ്പകിട്ടാർന്ന വസ്ത്രങ്ങൾക്കുള്ളിൽ അവൾ ജീവിതത്തിനു വർണ്ണങ്ങൾ


നൽകാൻ അഹോരാത്രം പരിശ്രമിച്ചു. തനിക്ക് ലഭിക്കാതിരുന്ന വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം നല്ലവണ്ണമറിയുന്നത്കൊണ്ട് താഴെയുള്ളതുങ്ങളെ വിശപ്പൊതുക്കിയും അവൾ സ്കൂളിൽ പറഞ്ഞുവിട്ടു. സ്കൂളിൽ നിന്നു കിട്ടുന്ന ഉച്ചകഞ്ഞി ചോറ്റുപാത്രത്തിലാക്കി പങ്കിട്ടെടുക്കാൻ താഴെയുള്ളതുങ്ങൾ വീട്ടിൽ കൊണ്ടുവന്നു.

ആയിരത്തിന്റെയും രണ്ടായിരത്തിന്റെയും നോട്ടുകെട്ടുകൾക്ക് തൃണത്തിന്റെ വിലനൽകാത്ത ധനികരുടെ ലോകത്ത് ഒരു രൂപാത്തുട്ടുപോലും സൂക്ഷിച്ചുവച്ച് കല്ല് കടിക്കുന്ന റേഷനരിയുടെ സ്വാദിൽ നല്ലൊരു നാളയെ സ്വപ്നം കണ്ട് ചാലക്കുടിപ്പുഴയുടെ തീരത്തെ ഒറ്റമുറിവീട്ടിൽ അവർ ജീവിച്ചു.

നാടൊട്ടുക്കും നടുക്കിയ പ്രളയദുരന്തത്തിൽ ആകെയുണ്ടായിരുന്ന വീടും, കുട്ടികളുടെ പാഠപുസ്തകങ്ങളും, ജീവിതം ആറ്റിക്കുറുക്കി ഉണ്ടാക്കിയെടുത്തതൊക്കെയും ചാലക്കുടിപ്പുഴ സ്വന്തമാക്കിയപ്പോൾ സർക്കാർ സ്കൂളിന്റെ വരാന്തയിൽ അനുജനും അനുജത്തിയും എൺപതുകഴിഞ്ഞ വല്ല്യമ്മച്ചിയും തളർന്നുറങ്ങുന്ന തഴപ്പായ്ക്കു സമീപം സോപ്പുപത തുളുമ്പുന്ന ഓളങ്ങളുണ്ടാക്കുന്ന ചാലക്കുടിപുഴയെ അവൾ മനമറിഞ്ഞ് പ്രാകി.

ആർത്തലച്ചു പോയ പുഴയുടെ തീരത്ത് ചെളിയിൽ പുതഞ്ഞുകിടന്ന സ്ഥലം ഒരകാലത്ത് താൻ സ്വപ്നങ്ങൾ നെയ്തു നല്ലൊരു നാളയെ പ്രതീക്ഷിച്ചു കഴിഞ്ഞിരുന്ന രണ്ടു മുറിവീടായിരുന്നുവെന്നത് വിശ്വസിക്കാൻ അവർക്കും നന്നേ പ്രയാസം തോന്നി.

തനിക്കു മുന്നിൽ കൊട്ടിയടയ്ക്കപ്പെട്ടതുപോലെ ഭാവിയുടെ വാതിലുകൾ ഇളയതുങ്ങൾക്കു മുന്നിലും കൊട്ടിയടയ്ക്കപ്പെടുമോ എന്നവൾ ഭയന്നു. സർക്കാരിന്റെ കനിവിനാൽ കിട്ടിയ ജീവിതവും പുഴയിലേക്കെറിഞ്ഞു അപ്പച്ചനും അമ്മച്ചിക്കുമൊപ്പം പോകാൻ അവൾ കൊതിച്ചു. നീന്തൽ പഠിച്ചതും നീന്തിത്തുടിച്ചതും കണ്ണീരെടുത്തതും ചിരികൾ കണ്ടതും ഈ പുഴയായിരുന്നു. ഇന്ന് മുന്നോട്ടെന്നെന്നറിയാത്ത ജീവിതത്തിന്റെ കച്ചിത്തുരുമ്പുകൾ കണ്ടെടുക്കാൻ അവൾ വീണ്ടും പുഴയിലേക്കിറങ്ങിച്ചെന്നു. നീന്തൽ പറഞ്ഞുതന്ന പുഴയെ നീന്തിമുറിക്കാത്ത തന്നിലേക്കടുപ്പിച്ചു. സോപ്പുപതയൊഴുകുന്ന കുഞ്ഞോളങ്ങൾ ഉണ്ടാക്കുന്ന പുഴ വാത്സല്യത്തോടെ അവളെ ചേർത്തണച്ചു. പ്രളയം വീഴുങ്ങിയ ജീവിതവും പേറി വടക്കോട്ട് വടക്കോട്ട് പുഴയുടെ ഓളങ്ങളവളെ കൊണ്ടുപോയി. ഓർമ്മവച്ച നാൾ മുതൽ പേറിനടന്ന ദുരിതങ്ങളുടെ വിഴുപ്പുഭാണ്ഡങ്ങൾ അവളെ ഉപേക്ഷിച്ചു വഴുതിപ്പോയി. പ്രളയം വിഴുങ്ങിയ ജീവിതം ഇനിയെന്തെന്നോർത്ത് സർക്കാർ സ്കൂളിന്റെ വരാന്തയിൽ മൂന്നു ജന്മങ്ങൾ ദൂരക്കേ കണ്ണും നട്ടിരിക്കുന്നു.




# വെള്ളം ഉണ്ടോ മോളേ, കുടിക്കാൻ

ദൂരെയെവിടെയോ ഒരു കുഞ്ഞിന്റെ കരച്ചിൽ കേൾക്കുന്നുണ്ട്. ശബ്ദം കേട്ട സ്ഥലത്തേയ്ക്ക് ഞാൻ പതിയെ നടന്നു.  നേരം നന്നേ ഇരുട്ടിയിരുന്നു.  ചുറ്റും ചീവിടുകളുടെ ശബ്ദം മാത്രം.  എന്നാലും എന്താണെന്നറിയാൻ ഞാൻ മുന്നോട്ട് തന്നെ നടന്നു ചെന്ന്പെട്ടത് ഒരു  കടവത്ത് അകലെ ഒരു വീടു കാണാം.  അതിന്റെ മുകളിൽ നിന്ന് ആളുകളുടെ നിഴൽ കാണുന്നുണ്ട്.  അവർ എന്നെ വിളിക്കുകയാണ്.  കടവത്തൊരു വള്ളം കിടപ്പുണ്ടായിരുന്നു.  ഞാൻ അവരുടെ അടുത്തേയ്ക്ക് ചെല്ലാം എന്ന്  വിചാരിച്ചു.  അതിൽ കയറി.  തുഴയുന്നതിനിടയിൽ വല്ലാത്ത കാറ്റും മഴയും വന്നു.  എന്റെ വള്ളത്തെ നന്നായി ഉലയച്ചുകൊണ്ടിരിന്നു.  വെള്ളത്തിലേയ്ക്ക് വീണതും ഞാൻ കണ്ണുതുറന്നു.  ഒരു സ്വപ്നം മാത്രമായിരുന്നു അത് എന്നാലോചിച്ചപ്പോൾ എനിക്ക് സമാധാനമായി.

രാവിലെ കോളേജിൽ പോകാൻ സമയമായി. പെട്ടെന്നെഴുന്നേറ്റ് കുളിച്ച് എന്ന് വിചാരിച്ചു.  പുറത്ത് നല്ല മഴ പെയ്യുന്നുണ്ട്.  മഴ തുടങ്ങിയിട്ട് ഇപ്പോൾ അഞ്ച് ദിവസമായി  കേരളത്തിൽ പലയിടത്തും.  ഇപ്പോൾ വെള്ളത്തിനടിയിൽപെട്ട് കിടക്കുകയാണ്  എനിക്ക് ചുറ്റുമുള്ളവരിപ്പോൾ.  ഇപ്പോൾ വളരെ ദുരിതത്തിലാണ് കഴിയുന്നത് എന്നാലോചിച്ച് എനിക്ക് വിഷമം തോന്നി.  എവിടെയും ഇതുതന്നെയായിരുന്നു വാർത്ത. ചിലർ ഇവരെയൊക്കെ എങ്ങനെ സഹായിക്കാം എന്നതി

നെപറ്റി ആലോചിക്കുന്നു. മറ്റു ചിലർ തങ്ങളുടെ ബന്ധുക്കളുടെ സുരക്ഷയെ പറ്റി ആലോചിച്ചു വിഷമിക്കുന്നു. ശരിക്കും വിഷാദം നിറഞ്ഞു നിന്നു നമുക്കിടയിൽ.

ടെലിവിഷനിൽ കാണുന്ന കാഴ്ചകളും എന്നെ അലട്ടുന്നുണ്ടായിരുന്നു. പ്രകൃതിയ്ക്ക് വർഷങ്ങളായി ഉണ്ടായിരുന്ന പക വീട്ടുകയായിരുന്നോ. നമ്മൾ പിടിച്ചെടുത്തതെല്ലാം അവൾ തിരിച്ചെടുത്തു. നമ്മൾ ഉണ്ടാക്കിയതെല്ലാം നശിപ്പിച്ചു. ഇനിയെങ്കിലും അവൾക്ക് വേണ്ടി നല്ലതു ചെയ്യണമെന്ന പ്രതീക്ഷയിൽ കുറേ ബാക്കിവച്ച്. എന്റെ ചിന്തകൾ പോയത് ഇങ്ങനെയൊക്കെയാണ്. മഴ തീർന്നു. പലയിടങ്ങളിലും വെള്ളം ഒഴുകി പോകുകയാണ്. ആളുകൾ. അവരുടെ ജീവിതങ്ങളിലോട്ട് തിരിച്ചു വരികയാണ്. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യന്റെ വിഷമത്തിൽ പങ്കുചേരുകയും അവനു വേണ്ടുന്ന എല്ലാ കാര്യങ്ങളും ചെയ്തു കൊടുക്കുമ്പോഴാണവിടെ മനുഷ്യത്വം ഉണ്ടാകുന്നത്. പ്രളയ ദുരിത ബാധിതർക്ക് വേണ്ടി നാട്ടിലെ പലയിടങ്ങളിൽ നിന്നും സഹായങ്ങൾ ഒഴുകി വന്നു. ഇതൊക്കെ കണ്ടപ്പോൾ വളരെ സന്തോഷം തോന്നി. അവരെ എന്നാൽ കഴിയുന്ന വിധം സഹായിക്കാൻ ഒരവസരം ഞാനും കാത്തിരുന്നു.

അങ്ങിനെയിരിക്കെയാണ് ഞങ്ങടെ സാറും കുറച്ച് കൂട്ടുകാരും അടൂർ, പത്തനംതിട്ട, റാന്നി എന്നിവിടങ്ങളിലേയ്ക്കും ഭക്ഷണ പായ്ക്കറ്റുമായി പോകുന്നുണ്ട് എന്ന് ഞാൻ അറിഞ്ഞത്. അങ്ങനെ എന്നാൽ കഴിയുന്ന സഹായം ഞാനും ചെയ്യാം എന്ന് വിചാരിച്ചു. അവരുടെ കൂടെ അവിടേയ്ക്ക് യാത്ര തിരിച്ചു. ആദ്യമായാണ് ദുരിത മേഖലയിൽ പോകുന്നത്. തിരുവനന്തപുരം ജില്ലയിൽ ആണ് എന്റെ സ്ഥലം. അവിടെ മാത്രം ആളുകൾ സുരക്ഷിതരായിരുന്നു. എന്നാലും മറ്റുള്ളവർ അനുഭവിച്ച സ്ഥാനത്ത് ഞാൻ ആയിരുന്നെങ്കിൽ എന്ന അവസ്ഥ എന്നെ അലട്ടി.

ഞാൻ ആ സ്ഥലങ്ങളൊക്കെ കാണുമ്പോളും അവർക്ക് ആവശ്യമുള്ള സാധനങ്ങളൊക്കെ കൊടുക്കുമ്പോഴും അവരെന്റെ തലയിൽ കൈവച്ചു പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. ഞാൻ അവർക്ക് വേണ്ടി പ്രാർത്ഥിച്ചു. എല്ലാ കഴിഞ്ഞു തിരിച്ചു വണ്ടിയിൽ കേറുമ്പോൾ ഒരു അപ്പാപ്പൻ ആഹാരം കഴിച്ചിട്ട് മൂന്ന് ദിവസം ആയി എന്നു തോന്നും കണ്ടാൽ. അരികിൽ വന്നു ചോദിച്ചു. “വെള്ളം ഉണ്ടോ മോളേ, കുടിക്കാൻ”. ശരിക്കും കണ്ണു നിറഞ്ഞുപോയി. അപ്പാപ്പനു വെള്ളം കൊടുക്കുമ്പോഴും ഞാൻ ആലോചിക്കുന്നുണ്ടായിരുന്നു. ഈ പ്രളയതീരത്തിൽ നിന്ന് ഇനിയെത്ര ദൂരം.




# ഞാൻ

## ഗൗതം മേനോൻ

ചെമ്മൺ തിട്ടയെ ഭേദിച്ച് അവൻ പ്രിയപ്പെട്ട ബുള്ളറ്റിൽ യാത്രതുടർന്നു. ഉള്ളിൽ അലതല്ലിയെത്തിയ ആയിരം ചിന്തകളെയും കടന്നു സഞ്ചാരം തുടർന്നു. യാത്ര അമ്മയുടെ നാട്ടിലേക്കായിരുന്നു.

വർഷങ്ങൾക്കിപ്പുറം അവന്റെ അമ്മയുടെ നാടു കാണാൻ തന്റെ അമ്മ പിച്ചവച്ചു നടന്ന വീടുകാണാൻ അവൻ യാത്രയാകുന്നു.

മുന്നോട്ടു നീങ്ങവേ വാഹനം നിലച്ചു.

ഒരിക്കലും അവനെ ഉപേക്ഷിക്കാത്ത പ്രിയ വാഹനം അന്നാദ്യമായി നിശ്ചലമായി.

പെയ്തിറങ്ങിയ ചാറ്റൽ മഴ യാത്ര ക്ലേശം വർദ്ധിപ്പിച്ചപ്പോൾ വിശ്രമത്തിനായി സ്ഥലം അന്വേഷിച്ചു.

മഴതുള്ളികൾ അവന്റെ കവിളിലൂടെ താഴേക്കു പതിക്കുന്നതിന്റെ ഇടയിൽ എന്തിൽ നിന്നോ ഓടി ഒളിക്കുകയാണ് താൻ എന്ന് തിരിച്ചറിഞ്ഞു.

മങ്ങിയ കാഴ്ചയിൽ ഒരു കൊച്ചുവീടു തെളിഞ്ഞു വരുന്നതു അവൻ കണ്ടു.

ചെറുതാണെങ്കിലും മനോഹരമായ ഒരു വീട്.

അതിനടുത്തേക്കു നടന്നു നീങ്ങി.

മെല്ലെ ആ കതകിൽ മുട്ടി വിളിച്ചു.

അവനെ ഞെട്ടിച്ചു കൊണ്ടു ഒരു പെൺകുട്ടി ഇറങ്ങി വന്നു.

അവളെ കണ്ടപ്പോൾ ഒരു മിന്നൽ കടന്നു പോയതായി തോന്നി. സ്തബ്ധനായി നിൽക്കുന്ന അവനെ നോക്കി ആപെൺകുട്ടി ചോദിച്ചു, "ആരാണ് നിങ്ങൾ? എന്തുവേണം?"

അവൻ പറഞ്ഞു "'ഇവിടെ അടുത്തു വണ്ടി നന്നാക്കുന്ന കടകൾ വല്ലതും ഉണ്ടോ? വണ്ടി നിന്നു പോയി."

അവൾ മറുപടിയായി "ഇവിടെ അടുത്തെങ്ങും ഇല്ല, ജംഗ്ഷൻവരെ ചെന്നാൽ ഒരു കടയുണ്ട്." എന്നു പറഞ്ഞു."

നേരം വൈകിയതിനാലും ദൂരം ഏറെയുണ്ടെന്നതിനാലും അവൻ അവളോട് ചോദിച്ചു "ഇന്നൊരു രാത്രി ഞാൻ ഈ തിട്ടയിൽ കിടക്കുന്നതിൽ മാഷിനു അസ്വകര്യം എന്തെങ്കിലുമുണ്ടോ?"

തനിക്ക് അസ്വകര്യം ഉണ്ട് എന്നു പറയാനാണ് അവളുടെ നാവു പൊന്തിയതെങ്കിലും എന്തോ ആലോചിച്ചുകൊണ്ട് അവൾ പറഞ്ഞു, "മാഷേന്നുള്ള വിളി എനിക്കിഷ്ടമായി, പിന്നെ ഇന്നൊരു രാത്രി അല്ലെ കഴിഞ്ഞോളൂ." അവനും സമാധാനമായി. അവർ കതകട

ച്ചു അകത്തേക്കു പോയി. അവൾ വന്നു ചോദിച്ചു.
"'മാഷേ വല്ലതും കഴിച്ചോ?"
"അതുസാരമില്ല" എന്നവൻ പറഞ്ഞു.

അവൾ അവനു കുറച്ചു ചോറും ചമ്മന്തിയും കൊണ്ടു വന്നു കൊടുത്തു. കഴിക്കുന്നതിനിടയിൽ അവർ പരിചയപ്പെട്ടു.

അവൻ പറഞ്ഞു. "ഞാൻ ഗൗതം മേനോൻ".

അവളും തന്നെ പരിചയപ്പെടുത്താൻ മറന്നില്ല. "ഞാൻ ദേവിക, ദേവൂട്ടീന്നു അമ്മുമ്മ വിളിക്കും." അതുപറഞ്ഞപ്പോൾ അവളുടെ മിഴികളിൽ കണ്ട് തിളക്കം അവൻ ശ്രദ്ധിച്ചു.

അവനെ കുറിച്ചവൾ കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നു എന്നു തോന്നിയപ്പോൾ അവൻ പറഞ്ഞു തുടങ്ങി.

"ബോംബെയിൽ ഒരു ഉയർന്ന ജോലി ലഭിച്ചതിനാൽ അച്ഛനേയും അമ്മയെയും വിട്ടു പോകേണ്ടി വന്നു. ഒറ്റമകനായതിനാൽ ഇതിൽ നിന്ന് ഒഴിയാൻ ശ്രമിച്ചെങ്കിലും അച്ഛൻ നിർബന്ധിച്ചപ്പോൾ സമ്മതിക്കുകയായിരുന്നു. എന്റെ കുഞ്ഞു സ്വർഗ്ഗത്തിൽ നിന്നു മാറി ഞാൻ പോയി. പെട്ടെന്നൊരു ദിവസം എന്നെ ഞെട്ടിച്ചുകൊണ്ട് ആ സന്ദേശം എത്തി. എന്റെ പ്രിയപ്പെട്ട മാതാപിതാക്കൾ എന്നെ തനിച്ചാക്കി യാത്രയായി. ഒരു ലോറി ഡ്രൈവറുടെ അനാസ്ഥ, എനിക്കു നഷ്ടപ്പെട്ടതു ജീവനായ മാതാപിതാക്കൾ.

" 'ഈ ഓർമ്മകളിൽ നിന്നെല്ലാം ഓടി ഒളിക്കാനായി ഞാൻ കണ്ടെത്തിയ മാർഗ്ഗമാണ് ഈ യാത്ര. എന്റെ അമ്മയുടെ നാടായ ചാലിശ്ശേരിയിലേക്കുള്ള യാത്ര."പറഞ്ഞു നിർത്തി അവന്റെ കൺകോണുകളിൽ തങ്ങി നിന്ന മിഴിനീർക്കണങ്ങൾ അവൻ തുടച്ചു.

അവളുടെ അമ്മൂമ്മയെ കാണണം എന്നവൻ പറഞ്ഞപ്പോൾ അവളുടെ വിരലുകൾ ആ ചുമരിൽ ഹാരം ചാർത്തിയ ഒരു ചിത്രത്തിലേക്കു നീണ്ടു. അവളും അവളുടെ കഥ പറഞ്ഞു തുടങ്ങി. "എന്റെ അച്ഛനേയും അമ്മയെയും കണ്ട ഓർമ്മ പോലും എനിക്കില്ല."

" 'എന്നെ വളർത്തിയതും പഠിപ്പിച്ചതും എല്ലാം എന്റെ അമ്മുമ്മയാണ്."

"ഇപ്പോൾ അമ്മുമ്മയും എന്നെ തനിച്ചാക്കി പോയി".

"ഇതു എന്റെ ഇളയച്ഛന്റെ വീടാണ്. നാളെ അദ്ദേഹം വരും. അപ്പോൾ ഞാനും ഇവിടുന്നു പടിയിറങ്ങണം".

അവളുടെ കഥ കേട്ട അവനു മറുപടി ഇല്ലായിരുന്നു. അവൾ എഴുന്നേറ്റു. രണ്ടു പേരും കിടക്കാൻ തയ്യാറെടുത്തു.

അവന്റെ സ്വപ്നത്തിൽ അവന്റെ അമ്മയെ അവൻ കണ്ടു. "നിനക്കു വേണ്ടി ഞാൻ ഒരുപെൺകുട്ടിയെ കണ്ടു വച്ചിട്ടുണ്ടെന്ന് അമ്മ പറഞ്ഞില്ലേ."

"ആ കുട്ടിയുടെ ചിത്രം ഞാൻ എന്റെ ഡയറിയിൽ സൂക്ഷിച്ചു വച്ചിട്ടുണ്ട്.

അതു പറഞ്ഞു അവന്റെ അമ്മ മാഞ്ഞു.

അവൻ ഉറക്കത്തിൽ നിന്നുണർന്നു. അമ്മയുടെ ഡയറി എടുത്തു. അതിന്റെ താളുകൾക്കിടയിൽ കണ്ട ചിത്രം അവനെ സന്തോഷവാനാക്കി.

പിറ്റേന്നു രാവിലെ വീടു പൂട്ടിയിറങ്ങിയ ദേവൂനെ കാത്തു ഗൗതം ഉണ്ടായിരുന്നു.

അവന്റെ മാറോടു ചേർന്നു അമ്മയുടെ ഡയറിയും.

അവൻ ആവേശത്തോടെ അതു തുറന്നു അവൾക്കു നേരെ നീട്ടിയപ്പോൾ അവൾ തന്റെ ചിത്രം അതിൽ കണ്ടു.

അവളുടെ കണ്ണുകളിൽ കണ്ട വിസ്മയം അവനെയും സന്തോഷവാനാക്കി.

അവളെയും കൊണ്ടു പോകാനായി ഒരു രാജകുമാരൻ വരും എന്നു അവളുടെ അമ്മൂമ്മ പറഞ്ഞിരുന്നതും അവൾ ഓർത്തു.

"എന്നിട്ട് ആ രാജകുമാരൻ വന്നോ അച്ഛാ?" ചിന്നുകുട്ടിയുടെ കൊഞ്ചികൊഞ്ചിയുള്ള ചോദ്യത്തിന് മറുപടിയായി അവൻ പറഞ്ഞു.

"പിന്നേ വന്നല്ലോ അവർക്കിപ്പോ ഒരു കുഞ്ഞു രാജകുമാരിയും കൂടെ ഉണ്ടല്ലോ.

ആ കുഞ്ഞല്ലേ എന്റെ ചിന്നുക്കുട്ടി."

അതു പറഞ്ഞപ്പോൾ അവൻ കുറേ വർഷം പിന്നിലേക്കു പോയി, അന്നു ദേവൂട്ടിയേയും കൂട്ടി ജീവിതം തുടങ്ങിയതവൻ ഓർത്തു.

ഇതേ സമയം ഈ കഥ പറച്ചിലും കേട്ടു ഒരു ചെറു ചിരിയോടെ തുണികളൊകകെ അടുക്കിവച്ചു ഒരു പെട്ടിയുമായ് അവൾ വന്നു. ഗൗതമിന്റെ ദേവൂട്ടി.
അവൻ ചിന്നൂട്ടിയെയും എടുത്തു ദേവൂന്റെ കയ്യും പിടിച്ചു തന്റെ ബുള്ളറ്റിൽ കേറി യാത്ര ആരംഭിച്ചു.

തന്റെ നഷ്ടജീവിതം മടക്കി തന്ന, തന്റെ പ്രിയപ്പെട്ട ഭാര്യയെ തന്ന ചാലിശ്ശേരിയിലേക്ക്,



# ഞാനെന്തിന് കരയണം

നാണിതള്ള ചിരിക്കാണല്ലോ... ആർത്ത് ചിരിക്കാണല്ലോ...
കരയാൻ മാത്രം വന്നതാണോ ഞാനീ ഭൂമിയിൽ.
ഞാനെന്തിന് കരയണം?
വർഷകാലം മുഴുവൻ ക്യാമ്പിലായതിനോ?
ചോര നീരാക്കി കൂട്ടിവെച്ചുണ്ടാക്കിയ കൂര പേമാരി കൊണ്ട് പോയതിനോ?
മക്കളേക്കാൾ സ്നേഹിച്ച കിടാങ്ങൾ മുങ്ങിച്ചത്തതിനോ?
വേനൽ മുഴുവൻ നട്ടുനനച്ച് ലാളിച്ചു വലുതാക്കിയ മാവും പ്ലാവും കട പുഴകിയതിനോ?
കെടാവിളക്ക് കെട്ട് പോയതിനോ?
പാട്ടത്തിനെടുത്ത കണ്ടത്തിലെ കൊയ്തു വച്ച നെല്ല് ചീഞ്ഞ് പോയതിനോ?
രക്ഷിക്കാൻ പോയ എന്റെ ആൺ പിറന്നോനെ പിന്നെ കാണാത്തതിനോ
നാണിതള്ള ചിരി നിർത്തുന്നു.... വിരിഞ്ഞ കവിൾ കണ്ണീർ ചാലിന് വഴി മാറുന്നു.
അല്ലപ്പാ... ഞാനിതെന്തിന് കരയണം, എന്റെ ജീവൻ ബാക്കിവെച്ചു ഉടയോൻ ഇത് കാണൂല്ലേ... അത് നന്ദികേടല്ലേ....
കണ്ണീർ തുടച്ചതാ... നാണിതള്ള വീണ്ടും ചിരിക്കുന്നു.
ഞാൻ ഇനിയും ജീവിക്കും ചിരിച്ച് ജീവിക്കും.
നീ അങ്ങാടീന്ന് വരുമ്പോ ഒരു വെള്ളം കേറാത്ത സഞ്ചികൊണ്ട് വരോ?
അല്ലെങ്കിൽ അടുത്തവട്ടം പോവുമ്പോ മരുന്നും കപ്പായോം കൊണ്ട് പോവാനു പറ്റൂല.
നാണി തള്ള ചിരിക്കുന്നു.... കണ്ണിലെ തീ അങ്ങ് പടരുന്നു, ഞാൻ നോക്കി നിന്ന് പോവുന്നു.



# കർമ്മസാക്ഷി

ഭൂമി....... ഹേ ജീവമാതാ
നിൻ തണലിൽ ഞങ്ങൾതൻ ജീവൻ തുടിപ്പൂ...
നീ ഞങ്ങൾക്കൂ നൽകി നിൻ സാന്ത്വനം
നീ ഞങ്ങൾക്കു നൽകി നിൻ സാന്ത്വനം
നീ ഞങ്ങൾക്കു വേണ്ടി സർവ്വവും ത്യജിക്കുന്നൂ.
എന്നാൽ.... നിൻ മക്കളാം ഞങ്ങൾ
ഓരോ സ്പന്ദനത്തിലും കുത്തിനോവേൽപ്പിക്കുന്നു
നിൻ പച്ച പുതപ്പ് അഗ്നിക്ക് ഇരയാക്കി
നിന്നെ ദഹിപ്പിച്ചിടുന്നു, നിൻ മക്കളാം ഞങ്ങൾ
ഭൂമി എല്ലാ നൊമ്പരവും ഒരു സ്ത്രീയേപ്പോൽ സഹി
ച്ചീടുന്നു.

ഹേ കർമ്മ സാക്ഷി....
നിൻ മക്കൾതൻ അഹംഭാവം
തല്ലി കൊടുത്താൻ നീ തിരിച്ചടിക്കുന്നു
ജലപ്രവാഹത്താൽ നീ തിരിച്ചടിച്ചീടുന്നു.
കോപത്താലമ്മ തിമിർത്താടിയിതു ഭൂമിയിൽ
ദേവിയാകും ഭൂമി.... അമ്മയാകുമാ ഭൂമി

മക്കളല്ലേ.... ഓമനകൾ...
വാത്സല്യമോലുന്ന അമ്മയ്ക്ക്
തൻ മക്കളോട് ക്രൂരമാകാൻ ആകുമോ....
ഇല്ല.... കർമ്മസാക്ഷി, അമ്മതൻ മനം....
അവൾക്രൂരയാകുകില്ല ഒരിക്കലും...
അവൾതൻ മനം കല്ലായിമാറുംവരെ...
നമ്മളേപ്പോൾ അവൾ ആകുകയില്ല...
കാരണം അവൾ അമ്മയാണ്.
മനംനൊന്തു അശ്രുക്കൾപൊയിച്ചീടുന്നു
നമ്മൾ തൻ ഭൂമിമാതാ...
അമ്മതൻ അശ്രുബിന്ദുക്കൾ പ്രഹരിച്ചീടവേ...
പകലുകൾ രാത്രികൾ കഴിഞ്ഞീടവേ....
അടങ്ങാതെ നൊമ്പരം പ്രസരിച്ചീടുന്നു.
ഹേകർമ്മസാക്ഷി കാണുക
ക്രൂരരാം ഞങ്ങൾ..... അമ്മതൻ പിഞ്ചോമനകൾ...
ദയത്താൽ.... ദയനീയഭാവത്താൽ......
അമ്മതൻ നൊമ്പരം നോക്കി കാണുന്നു.
നിസ്സഹായരാം ഞങ്ങൾ....
തമ്മിൽ വഴക്കടിച്ചും, പരസ്പരം
ജീവനൊടുക്കിയും
ധൂർത്തടിച്ച് അമ്മയെ ചവിട്ടിത്താഴ്ത്തിയ
ഞങ്ങൾ.....
അഹംഭാവത്തിന്റെ ചെങ്കോൽ തലയിൽ
അലങ്കാരമാ വണ്ണം പതിപ്പിച്ചുഞങ്ങൾ....
അമ്മ ഭൂമിമാതാ....
നീ തന്ന തണലുകൾ...
നീ തന്ന സ്വാന്തനം...
ഇന്ന് ഈവേളയിൽ അറിഞ്ഞീടുന്നു
ഭൂമിയാം അമ്മ, പെറ്റമ്മയ്ക്ക് തുല്യ.

ഹേകർമ്മസാക്ഷി....
ക്രൂരരാം ഞങ്ങൾക്ക് ഭയമേകും വിധം
അമ്മതൻ അശ്രുബിന്ദുക്കൾ...
നിറഞ്ഞ് തുളുമ്പീടുന്നിതു ഭൂമിയിൽ
അമ്മേ... ഭൂമി ദേവി....
ഭയമേകും മാതിരി നിൻ അശ്രുബിന്ദുക്കൾ
പ്രളയമായീ പ്രഹരിച്ചീടുന്നിതു ഭൂമിയിൽ
നിൻ തണലിൽ കെട്ടിപ്പടുത്തതെല്ലാം...
നശിച്ചീടുന്നു അമ്മേ...
സർവ്വവും നശിച്ചീടുന്നിതു അമ്മേ നിൻ
നീരസത്താൽ



# അതിജീവന കേരളം

മഴുവേറിൽ ഉടലെടുത്തതാം നിൻ സുതാര്യത
കൊഴിയാതെ കാത്തതോ മലയും മരങ്ങളും
വാനാകെ ഉയരുന്ന നിൻ ദിവ്യ തേജസോ
കുറയാതെ കാത്തതോ പുഴയും വനങ്ങളും
ആരുടെ കണ്ണേറിൽ മങ്ങി നിൻ
ദിവ്യതേജസും സുര്യാരുതയും
പ്രളയകെടുതിയിൽ മുറിവേറ്റ നിൻ കണ്ണിൽ,
തിളക്കും ചോരയാണ്,
നീയാം ശിരസ്സിന്റെ അംഗങ്ങൾ ഊർന്നപ്പോൾ
ബാക്കിയായതോ മാനവസ്നഹം.
ആവശ്യമായവർക്കാവേശമായ്
സ്വർഗ്ഗഭൂമിയെ വീണ്ടെടുത്തേറീടുവാൻ
ഒരുകുടക്കീഴിൽ ജാതിഭേതമാന്യേ
മാനവർ ഒന്നിച്ചു വാണിടും വേളയായി

അത്തപൂമണം പടരേണ്ട വേളയിൽ
അന്നത്തിൻ മണി തേടി യാത്രയായി.
തളരില്ലിനി പതറില്ലിനി ഇത് പ്രളയത്തെ
പടിയിറക്കും കരുത്ത്
അണിചേർന്നവർ കൈകോർത്തവർ
വീണ്ടെടുത്തു സ്വർഗ്ഗ കേരളത്തെ,
ജാതിവർഗ്ഗഭേദങ്ങളില്ലാതെ
വീണ്ടെടുത്തു സ്വർഗ്ഗ കേരളത്തെ..
ഇനിയും വരാൻ വെമ്പുന്ന പ്രളയമേ
നിന്നെ തുടക്കാൻ ആവില്ലയെങ്കിലും
ഞങ്ങളിൻ ഒരുമ നിൻ കണ്ണിലുണ്ട്
മാനവസ്നേഹത്തിൽ ഉടലെടുത്തതാം
കരളുറപ്പുള്ള കേരളം.



# കണ്ണുനീർത്തുള്ളികൾ

അവൾ ഇപ്പോഴും തിരയുകയാണ് കണ്ണുകൾ നിറയെ കണ്ണുനീർ തുള്ളികൾ പളുങ്കുപോലെ തിളങ്ങുന്നുണ്ട്. മുടി ചൂടുകാറ്റിൽ പാറിക്കളിക്കുന്നു. മുഖമെല്ലാം കരിവാളിച്ച് സൗന്ദര്യത്തെ വ്രണപ്പെടുത്തിയിരിക്കുന്നു. കുഞ്ഞാവയുടെ ബർത്ത്ഡേക്ക് അമ്മ വാങ്ങിച്ചുകൊടുത്ത മഞ്ഞ നിറത്തിലുള്ള ഉടുപ്പ് അഴുക്കും പുരണ്ട് കീറിയിരിക്കുന്നു. അച്ഛൻ വാങ്ങിക്കൊടുത്ത കരടിക്കുട്ടനെ നെഞ്ചോടുചേർത്തു വെച്ച് അവൾ നടക്കുകയാണ് ഇനിയെന്ത് ചെയ്യണമെന്നറിയാതെ അവൾ മുന്നിലേക്ക് നോക്കി. ദീർഘമായ വിശാലമായ മണൽ ത്താരകൾ, മുൾചെടികൾ.

പൊട്ടാറായ ചെരുപ്പുമായി അവൾ ഏങ്ങിയേങ്ങി നടന്നു. ദൈവമേ എന്നാലും എന്നെയവർ............... . അവൾ ആകാശത്തേക്ക് നോക്കി. ആകാശം ഇരുണ്ടുവരുന്നു. കാർമേഘങ്ങൾ നിഷ്കൃപയോടെ. തുള്ളികളായി പെയ്തിറങ്ങി. റോഡിന്റെ മുകളിൽ തു

ള്ളികളായി വന്ന് വെള്ളം കയറി. അവൾ ദൂരെ നിന്നു കണ്ട ഒരു മരത്തിന്റെ തണലിൽ അഭയം പ്രാപിച്ചു. ഇരുട്ടിയ സമയം. യാത്രികർ കുറവാണ്. എങ്കിലും അവളുടെ ഹൃദയം ആരെയോ പ്രതീക്ഷിച്ചു കൊണ്ടിരുന്നു. വയറുവിശപ്പിന്റെ നിലവിളിയിൽ അലയിട്ടുകൊണ്ടിരുന്നു. അവളുടെ കണ്ണുകൾ ചുവന്ന റോസാപ്പൂപോലെ തുടിച്ചുകൊണ്ടിരുന്നു.

അതാ........... വരുന്നുണ്ട്. കാത്തിരിപ്പിന്റെ ഫലം. അപ്പൂപ്പനതാ ജോലിയും കഴിഞ്ഞു കുഞ്ഞിനായി ഒരുപിടിച്ചോറും പൊതിഞ്ഞു കൊണ്ടു വരുന്നു. അവളുടെ മുഖത്ത് സന്തോഷത്തന്റെ പാടുകൾ വീണു തുടങ്ങി. അവൾ അപ്പൂപ്പന്റെ അടുത്തേക്ക് ഓടിചെന്നു. അപ്പൂപ്പൻ തുറിച്ചുകൊണ്ടോരുനോട്ടം. ഉം എന്താ കുട്ടീ.............. എന്ത് വേണം? കൂടെയുള്ള തന്റെ പേരകുട്ടിയെ ചേർത്ത് പിടിച്ച് പറഞ്ഞു. മോളേ നീ ആരാ? നീ എന്തിനാ ഇവിടെ ഇരിക്കുന്നത്? അവൾ കുറച്ച് നേരം നിശ്ശബ്ദയായി നോക്കിനിന്നു. തന്റെ അപ്പൂപ്പനെ പോലെ ഉണ്ട്. അതേ നീളം തടിയും വണ്ണവുമെല്ലാം അത്പോലെതന്നെ.

അതെ, അപ്പൂപ്പാ എനിക്ക് വിശക്കുന്നു. ഞാൻ ഒറ്റക്കാണ്. എനിക്ക് ആരുമില്ല. അവൾ പൊട്ടിപൊട്ടി കരഞ്ഞു.

“അയ്യോ മോളെ കരയല്ലേ, വിശക്കുന്നോ? വിശക്കുന്നെങ്കിൽ ഞാൻ മോൾക്ക് ഭക്ഷണം തരാം. മോൾ എന്റെ കൂടെ വാ...........

അപ്പൂപ്പൻ പേരകുട്ടിയേയും മോളേയും കയ്യിൽ പിടിച്ച് തന്റെ കുഞ്ഞ് കുടിലിലേക്ക്പോയി.

ആ ആൽമരത്തനപ്പുറത്ത് രണ്ട് മൂന്ന് റബ്ബർമരങ്ങൾ കഴിഞ്ഞാണ് അപ്പൂപ്പൻ കുടിൽഓലകൊണ്ട് മേഞ്ഞ കുഞ്ഞ് കുടിൽ.

കേറിവരൂ മോളേ, എടീ........... സുലോചനേ............ നമുക്ക് ഇന്ന് പുതിയ ഒരാളെ അതിഥിയായി കിട്ടിയിട്ടുണ്ട്. വേഗം വാ...........

അടുക്കളയിലെ അടുപ്പിലെ പാത്രത്തിൽ കഞ്ഞി യിളക്കികൊണ്ട് സുലോചന പറഞ്ഞു. ആണോ? ആരാണ്? അവൾ ആകാംക്ഷയോടെ മുറ്റത്തേക്കോടിവന്നു.

ആരാ. ഇത്? നമ്മടെ തമ്പോട്ടി കൊച്ചല്ലോ ഇത്? കേറി വാ മോളേ? അമ്മൂമ്മ മോൾക്ക് വയറു നിറയെ ഭക്ഷണം കൊടുത്തു. അവൾക്ക് സന്തോഷമായി.

അമ്മൂമ്മയും അപ്പൂപ്പനും അവൾക്ക് തുണയായി. അവൾ കഴിഞ്ഞകാല ജീവിതത്തെകുറിച്ചോർത്തു. തന്റെ അച്ഛനേയും അമ്മയേയും കുറിച്ചോർത്തു. ഒരിക്കൽകൂടി തന്നിൽ നിന്നും കൊഴിഞ്ഞു പോയ നിശ്ശബ്ദ വസന്തത്തെ കുറിച്ചേർത്തു............ കഴിഞ്ഞതെല്ലാം ഒരു സ്വപ്നമായിരുന്നെങ്കിൽ.............



# തോഴി നിനക്കായ് പുനർജനിക്കാം

ട്രെയിനിന്റെ ജനലരികിലുള്ള സീറ്റിലിരിക്കുമ്പോൾ എന്നെത്തെയും പോലെ ഇന്നും എന്റെ മനസ്സ് ഞാനറിയാതെ ചിരിക്കുന്നുണ്ട്. അവൾക്ക് ട്രെയിൻ യാത്രയിൽ ഏറ്റവും ഇഷ്ടമുള്ളത് ജനാലയുടെ അരികിലുള്ള സീറ്റാണ്. വർഷങ്ങൾക്ക് മുമ്പ് കോളേജിൽ പോകുമ്പോൾ ആ സീറ്റിനു വേണ്ടി അവൾ എന്നോട് മൽസരിച്ചിടാത്ത ദിവസങ്ങൾ വിരളമായിരുന്നു.

പതിനഞ്ച് വർഷങ്ങൾക്ക് മുമ്പ് ഞങ്ങൾ ഒരുമിച്ച് ചെയ്ത ആ ട്രെയിൻ യാത്രയിൽ മാത്രമാണ് അവൾ ജനാലയുടെ അരികിൽ ഇരിക്കാൻ വേണ്ടി എന്നോട് മൽസരിക്കാതെ ഇരുന്നത്. അന്ന് അവൾ എന്റെ തോളോട് ചേർന്നിരുന്ന് കണ്ണീരണിഞ്ഞതും എന്റെ മനസ്സിന്റെ മാറാത്ത വിങ്ങലാണ്.

ഇന്ന് രാവിലെയാണ് ഡൽഹിയിൽ നിന്നും എനിക്കൊരു ഫോൺ വന്നത്. ഫോണിന്റെ മറുവശത്തുള്ള ആളുടെ ശബ്ദം മറന്നുകിടന്ന പലതും എന്നെ ഓർമിപ്പിച്ചു. അതെ കെ.ആർ. ശിവരാമൻ, അവളുടെ അച്ഛൻ. ഒരുകാലത്ത് ഞാൻ ഏറ്റവും വെറുപ്പോടെ കണ്ടിരുന്ന അവളുടെ അച്ഛൻ.

ആളെ എനിക്ക് മനസ്സിലായെങ്കിലും ഞാൻ അങ്ങനെ ഭാവിച്ചില്ല. സംസാരിച്ചു തുടങ്ങിയപ്പോഴാണ് ഞാൻ ശ്രദ്ധിച്ചത് പഴയ ആ ഗാംഭീര്യവും പ്രസരിപ്പും ഒന്നും തന്നെ ഇല്ല. ആ ശബ്ദം ഇടറുന്നുണ്ടായിരുന്നു. ഞാൻ കാര്യം തിരക്കി. “ആവണിക്ക് സുഖമില്ല. ഈ ഇടയായി നിന്നെ ഒന്ന് കാണണം എന്ന് കൂടെ കൂടെ പറയുന്നു. മറ്റു തിരക്കുകൾ ഒന്നും ഇല്ലെങ്കിൽ ഇവിടം വരെ ഒന്നു വരണം” ഇത്രയും പറഞ്ഞ് ആ സംഭാഷണം അവസാനിച്ചു.

വർഷങ്ങൾക്ക് മുമ്പ് ഒന്നും നടന്നിട്ടില്ലാത്ത പോലെ എന്നെ ഇങ്ങനെ ഫോൺ വിളിക്കാൻ അയാൾക്ക് എങ്ങനെ തോന്നി. എന്റെ മനസ്സിൽ അണഞ്ഞു പോയ ഒരു അഗ്നിപർവ്വതം വീണ്ടും പുകഞ്ഞു . ഞാൻ പോകില്ല എന്ന് മനസ്സിൽ ഉറപ്പിച്ചു. ഒരു മണിക്കൂറിനു ശേഷം എന്റെ മനസ്സ് അസ്വസ്തമാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. വർഷം ഇത്രയും കഴിഞ്ഞില്ലെ എന്നെ അവൾ പാടെ മറന്നതല്ലെ. ഒന്നു പോകാം............ പോയി അവളുടെ കെട്ടിയോനേം കുട്ടികളേം കാണാം.............

തിരക്കേറിയ ഈ നഗരത്തിൽ എനിക്ക് കൂട്ടായി ആരും തന്നെ ഇല്ല. കേരളത്തിനു പുറത്ത് ഞാൻ ഇതാദ്യമായാണ്. അത് തന്നെ ആയിരുന്നല്ലോ. അവളുടെ അച്ഛൻ എന്നിൽ കണ്ട പോരായ്മ. വലിയ വീട്ടിലെ അവളും നാട്ടിൻ പുറത്തുകാരൻ ഒരു കൂലിപണിക്കാരന്റെ മകനും തമ്മിലുള്ള അന്തരം!

അവളുടെ അച്ഛൻ അയച്ച ടെലിഗ്രാമിൽ തന്നിട്ടുള്ള അഡ്രസ്സ് അനുസരിച്ച്. വളരെ ബുദ്ധിമുട്ടി അവരുടെ വീടു ഞാൻ കണ്ടെത്തി.

വളരെ വലിപ്പമുള്ള ഒറ്റ നോട്ടത്തിൽ, പണ്ട് ഏതോ കണ്ടുമറന്ന നാടകത്തിലെ കൊട്ടാരത്തിന്റെ സെറ്റ് ഇട്ടപോലുള്ള ഒരു ബംഗ്ലാവ്. എന്നെ കാണുമ്പോ മനസ്സിലാകുമോ എന്ന സംശയത്തോടെ ഞാൻ ബെല്ലടിച്ചു. അവൾ വന്ന് വാതിൽ തുറക്കണം എന്നായിരുന്നു എന്റെ മനസ്സിൽ.

വാതിൽ തുറന്നു. എന്റെ ആഗ്രഹം നടന്നില്ല......... മറ്റാരോ ആണ് വാതിൽ തുറന്നത്. വേലക്കാരി ആകണം. ഞാൻ അകത്തേക്ക് കടന്നു. അവളുടെ അച്ഛൻ എന്നെ കാത്തിരിക്കുകയായിരുന്നു. അദ്ദേഹം എന്റെ സുഖവിവരങ്ങൾ അന്വേഷിച്ചു. ഞാൻ തീരെ താൽപര്യം പ്രകടപ്പിച്ചില്ല. എന്നെ വിളിപ്പിച്ചതെന്തിനാണെന്ന് ഞാൻ ചോദിച്ചു. അദ്ദേഹത്തിന്റെ കണ്ണുകൾ ഈറനണിഞ്ഞു. "ഒരു ക്ഷമാപണമോ ഏറ്റു പറച്ചിലോ ഒന്നും നിങ്ങളിൽ നിന്നു ഞാൻ ആഗ്രഹിക്കുന്നില്ല. നിങ്ങളുടെ മകളെ സ്നേഹിച്ചു പോയ കുറ്റത്തിന് എന്റെ കുടുംബം നിങ്ങൾ ഇല്ലാതെ ആക്കി. എന്റെ ജീവിതം തകർത്തിട്ട് നിങ്ങളുടെ മകളുടെ ഭാവി നിങ്ങൾ സംരക്ഷിച്ചു. ഇന്നു ഒരു വിവാഹം കഴിക്കാതെ ഞാൻ ജീവിക്കുന്നത് നിങ്ങളുടെ മകളെ മറക്കാൻ കഴിയാത്തത് കൊണ്ടല്ല. പകരം അവളെ സ്നേഹിച്ചതിന് ഞാൻ എനിക്ക് തന്നെ നൽകുന്ന ശിക്ഷയാണ്". വിങ്ങിപൊട്ടിയ മനസ്സുമായ് ഞാൻ പറഞ്ഞു.

ഒരു വാക്കുപോലും മിണ്ടാതെ അദ്ദേഹം എന്റെ കയ്യും പിടിച്ച് അദ്ദേഹം ഒരു മുറിയിലേക്ക് ലക്ഷ്യം വച്ച് നടന്നു.

മുറി തുറന്നു! ഒരു ഇരുട്ടു മുറി ഏതോ മരുന്നുകളുടെ ഒരു മിശ്രത ഗന്ധം. ആ ഗന്ധം എനിക്ക് സഹിക്കാൻ കഴിയുന്നില്ലായിരുന്നു. മുറിയിൽ വെളിച്ചം നിറഞ്ഞപ്പോൾ......... ഞാൻ കണ്ട കാഴ്ച.............. ആ മുറിയുടെ കട്ടിലിൽ ആരോ കിടക്കുന്നുണ്ട്. അടുത്ത് പോയി നോക്കിയപ്പോഴാണ് ഞാൻ കാണുന്നത്.......... "അമ്പിളി............. എന്റെ അമ്പിളി........"

വെളുത്ത് സുന്ദരമായ അവളുടെ മുഖം ആകെ മാറിയിരിക്കുന്നു............. ക്ഷീണിച്ച് അവശയായ അവളെ എനിക്ക് കണ്ടു നിൽക്കാനായില്ല. അവളുടെ അച്ഛൻ പറഞ്ഞു തുടങ്ങി........... അവളുടെ സ്നേഹം ഞാൻ തള്ളി കളഞ്ഞു................ വരന്റെ സ്വഭാവം മനസ്സിലാക്കാതെ അവളെ പോറ്റാനുള്ള പണം മാത്രം നോക്കി........... അവളെ ഞാൻ അവന് വിവാഹം ചെയ്ത് നൽകി.................. മാനസികരോഗിയായ അവന്റെ പീഠനങ്ങൾ സഹിക്കവയ്യാതെ എന്റെ കുട്ടി ഇന്ന് ഈ നിലയിലായ്....." അദ്ദേഹം പൊട്ടികരഞ്ഞു.

ഒരുപാട് നേരം അവളുടെ കൈയ്യും ചേർത്ത് പിടിച്ച് ഞാനിരുന്നു. 10 വർഷങ്ങൾക്ക് ശേഷം കഴിഞ്ഞ ആഴ്ചയാണ് അവൾ സംസാരിച്ച് തുടങ്ങിയത്. എന്നെ ഒന്നു കാണാൻ അവൾ അഗ്രഹം പറഞ്ഞത്. വിവാഹം കഴിഞ്ഞ് ഭർത്താവും കുട്ടികളോടുമൊത്ത് സന്തോഷിക്കുന്ന അമ്പിളിയെ ആണ് ഞാൻ മനസ്സിൽ കണ്ടത്. പക്ഷേ ഇന്ന് അവൾ ഒരു ഇരുട്ടു മുറിയിൽ ഒറ്റക്കാണ്! ഇല്ല! എന്റെ അമ്പിളിയെ ഞാൻ ഒറ്റയ്ക്ക് ആക്കില്ല! അവളുടെ അരികിൽ നിന്നും തിരിച്ചു പോകാനായി ഞാൻ എണീറ്റു.

ഇറങ്ങാറായോ? അവളുടെ അച്ഛൻ ചോദിച്ചു. അതേ.......... ഇറങ്ങുകയായി........ ഞാൻ പറഞ്ഞു......... ചെയ്തു പോയ കാര്യങ്ങൾക്ക് അവളുടെ അച്ഛൻ മാപ്പു ചോദിച്ചു.

വീട്ടിൽ നിന്നും ഇറങ്ങിയപ്പോൾ അദ്ദേഹം എന്നോട് ചോദിച്ചു........ "ഇനി വരുമോ...." ഞാൻ പറഞ്ഞു........... "വരും........... ഒരിക്കൽക്കൂടി............ അവളേ എന്റേതാക്കി എന്റെകൂടെ കൊണ്ടുപോകാൻ............"

മരണത്തിനു വിട്ടുകൊടുക്കാതെ അവളെ എനിക്ക് നൽകിയത്, ഞങ്ങൾ ഒരുമിച്ചു സ്വപ്നം കണ്ട ആ ജീവിതം ജീവിച്ചുകാണിക്കാനാണ്.

സമ്പത്തിനും, സൗന്ദര്യത്തിനും ആരോഗ്യത്തിനും അളക്കാൻ കഴിയാത്ത സത്യമുള്ള സ്നേഹബന്ധങ്ങൾ ദൈവം ഇന്നും ഭൂമിയിൽ ബാക്കി വച്ചിട്ടുണ്ട്.......................!



# പിശാചിനാൽ കൈവന്ന നാരിതൻ ധൈര്യം

പിഞ്ചല്ലേ അമ്മേ...
എറിഞ്ഞീടരുത് നമ്മളും നായയാണെ-
ങ്കിലും തെരുവിലേക്ക് അവനെ,
വെണ്ണക്കല്ലുപ്പോലുള്ളൊരാവെള്ളാരങ്കണ്ണു-
കൊണ്ടെന്റെ നെഞ്ചം കവർന്നൊരാ
നായക്കുട്ടിയെൻ,
പൊന്നോമനയായി വാഴുന്നുവീട്ടിലും...

സ്നേഹം എന്തെന്നു ഓതി-
പഠിപ്പിച്ചു...
സ്നേഹം മൃഗങ്ങളോടായിരുന്നു.
എന്നാലും...
സുന്ദരി അതിസുന്ദരിയാണവൾ
പൂർണ്ണചന്ദ്രൻ തോൽക്കും മേനിയും,
മുട്ടോളം മുടിയിഴകളും...
സൗന്ദര്യം, അതിൽ ആർത്തുതിമർക്കുന്നൊരു
ആനന്ദ പറവയാണവൾ...
ജീവനോളം സ്നേഹിക്കും മൃഗങ്ങളെ,

ജീവൻ ത്യജിച്ചും സംരക്ഷിച്ചീടുമ്പോൾ,
നാരീയാണവൾ നായകൻയല്ല-
യുദ്ധകലയുള്ള വീരയും മല്ല
ലോലമാം ഒരു മനസ്സതിൻ-
വെറും പാവമാം സൂക്ഷിപ്പുകാരി...
ധൈര്യം കൈവരിക്കാനായി
വിളിച്ചീടുന്നുവോ തൻ കൂടെപിറപ്പിനെ....

എങ്ങും ഇരുൾ മറയുന്നവേളയിൽ
ചുറ്റും പിശാചിൻറെ രോദനം
ഒഴുക്കുന്നതെന്നുറിഞ്ഞീടാൻ വയ്യല്ലോ...
ചുടുചോരയോ പിശാചിന്റെ ആനന്ദാശ്രുവോ...
ലോലമാം മേനിയിൽ എല്ലനങ്ങീടുന്ന-
വേദന.......
അസഹ്യമാമൊരു ഗന്ധം എങ്ങുന്നോ
വമിക്കുന്നുവോ ചുറ്റു പടർന്നീടുന്നുവോ...
ജീവനറ്റ ലോലമാം മേനിയെന്നോർത്തു
തെരുവിന്റെ മാറിലേക്ക് അവളെയും-
വലിച്ചെറിഞ്ഞീടവെ....
നെഞ്ചിനുള്ളിൽ ഒരുകുഞ്ഞുകൂട്ടിൽ-
ജീവനെന്നൊന്നു ഉണ്ടെന്നു അറിഞ്ഞില്ല...

മിഴികവാടം തുറന്നവൾ നോക്കവെ,
കണ്ടുവല്ലോ എങ്ങുംവെളിച്ചം,
ലോലമാം തൻ മേനിതലോടിയവൾ
വെന്തെരിഞ്ഞൊരു മാംസപിണ്ടത്തെ-
തൊട്ടറിയേണ്ടിവന്നല്ലോ ഹ...
സുന്ദരിയാണവൾ അതിസുന്ദരി,
ആളികത്തീടുന്ന അഗ്നിയേ തോൽപ്പിച്ചിടും-
ധീരയാണവൾ...
വെന്തുപോയോ മാംസവുംപേറി,
തൻ ജീവൻ ത്യജിക്കില്ലവൾ

സുന്ദരിയാണവൾ നാരിയാണവൾ.
അതിജീവനം അതു അവളുടെയാണീനീ...
ക്രൂരമായൊരാപിചാശിൻ കയ്യിൽനിന്നു-
ദൈവമൊരാൾ മടക്കി നൽകിയ-
പൂവുപ്പോലൊരു ജീവിതം ഉണ്ടവൾക്ക്...
ജീവിക്കും ധീരയായി സുന്ദരിയായി...

അല്ലയോന്നാരിജനങ്ങളെ
കേവലം ഒരു ആൺപിശാചിന്റെ-
കാമം എന്നൊരു ഭാവത്തിങ്കൽ കുതിരുവാൻ
ഉള്ളതല്ലനാമമൊന്നും ഓർക്കുക.
അതിജീവനം അതു നമ്മുടെയാണല്ലോ...
ജീവനാക്കുകയും ജയങ്ങൾ കൈവരിക്കാൻ....



# LINDA

My name is Death and I would like to tell you a story. Do you remember your very first day of your life? Probably not but when you leave this world to come to me, you'll surely remember your last breath.

Linda was a child who was always mistreated by her step mother. The little heart always weeped a little when she remembered that she had no one to take care of her.

As a child, the trauma in her childhood crushed her heart, made her feel like she was untrustworthy unfaithful and deserved n o love. She was abused and they told her she was not good enough.

As she grew up, her sorrows grew with her. Her soul was badly hurt. The school days, the college life, she missed it all. Do you know how? Years teach us much that the days never knew. It was pretty different for her. Her soul had already been crushed, her individuality snatched. What was the point in her living? She had asked to herself.

The wish list that she had scribbled down all through her childhood hoping that one day when all misery ends she would discover the pleasures of it all, was now thrown in a dust bin.

Her life was a miserable one. One that no one would ever wish to get. Her beliefs which were moulded as a child never got an open air to breathe! They were buried deep down in the darkest chambers of her heart.

I remember the last days of our union, Linda, she was about 65 years old, miserable and had lived a life she never deserved.

That day, the last day, I asked her as she laid down on the dark old room with no one besides her to hold her hand, 'Are you ready to come with me'. She looked at me and said nothing. The air was tense and I read her through her eyes.

Deep down within her soul, I found a jail. I was eager to know what was in there, buried. I tried to open the doors but they were chained with regret and sorrow, but as God had given me the power to look beyond, I tired to peek through.

I was astounded to see it. What appears as a jail outside was brightly lit full of cheers, merry, joy, excitement, laughter, adventure. Oh God! Who would have known that

her buried dreams were the most glorious of all!

I saw a young Linda on the corner of that room talking whole heartedly to her mother. There her mother was listening to her keenly when she fell down, she had her mother beside her, holding her, cheering her up her to move forth. Another side saw a teenage Linda take up leadership. Oh I can't explain what a great leader she was! But then as she took the very last breath, something happened which was very ironical to me. She smiled that small curve that rolled up her lips made a lot of sense to me.

Her last breath was consumed and this was what she wanted. She never wanted to blame her life for that but she wanted to blame herself for the chances she had missed in life.

Suddenly I saw a light in her eyes. It was bright and glorious. Her closed down chain was opened. Her self made jail was crushed. Her dreams were all around her soul.

Her soul came with me to God so did her dreams. I asked her, Are you happy ?and she said "my dreams"… I can see them happy and powerful. God will see them too and I hope they get cherished! This was my wish at my last breath!



# RETIRED POST MASTER

He struggled to get up and balance himself to find a glass of water. Ravishankar, an 83 years old retired postmaster lived in a secluded part of the city of Jodhpur. Not that he liked living by himself; but was not wanted by his sons and daughters. Past scenes flooded his mind, moments with his late wife wet his pillow many a number of times. A maid used to come once each day to prepare the meals and light fire. His helper Ramu was a careless person who often spent time chatting with his lover not fulfilling Ravi's needs

Ravi used to be a wealthy postmaster. Most of his fortune was inherited. A larger portion was amassed through business he had. Children. But all was in vain, because he was an ill tempered unkind m an. He never treated his beautiful wife with due respect nor took care of his children let alone his in elders. He was an alcoholic and spent for there in bars.

He never devoted to the charity or the poor orphanage nearly. He only had selfish motives and cunning plans either to harm others of cause a rift between neighbors. Due to his obnoxious character, he was often ignored by the neighborhood on the 'Santa Claus rally' that came to each houses during Christmas

Despite his cruel character, his wife remained with him as she was an orphan herself and also trusted him blindly. She used to cook the most delicious meals, for him only to ignored She took care of the kids the best way possible and taught them what value they must have to live a peaceful happy life. She devoted her entire life for their betterment and satiated.

Ravi always endedup having a fights where ever he went His morality left him completely and he had post marital relationships. Still his wife was always forgiving and never held any grudge towards him. She was a proud & devoted lady hence & proud away. She had often neglected her women & pains. But also she was left all diagnosed with treat cancer in its terminal stage.

Time passed, Ravi's sons unlike him reached great heights, started their family and moved away. They rarely used to visit Ravi and his wife . Their mother fell terribly ill

Ravi has been lonely for the past 10 years, living his un happy life in loneliness not he knows that he each & every regretted

how he had treated  his wife and children & thought about the better life that they would have lead.

The often wept for his lord but unfortunately  there is no use crying over split milk.

He often sleeps after weeping for his wife who would have

He pleaded to God to show him a bit more of mercy and wishes that his children were near   Every day for him was walking barefoot on fire coals.

One day as he struggled to get a glass of water to quick his windying thirst, he felt overcome with weakness memories flared by him most bitter & solemn.



# PAIN

The pain was excruciating now, if only it was over! "No! she said to herself. I should not give up". Darkness hovered over her and engulfed her completely. A thin ray of moonlight broke open the dark night sky just like a wizard waves his magical wand and lit up the place lightly.

Radhika managed to hold her eyes open for what seemed like a fraction of a second. Glass!! Millions of shrads. Her eye rested on the love reflection from a big piece of a broken mirror" what is that? " She thought ; A creature, covered in a thick red borked back at her. A sudden felt moved through her body; the creature seemed to move along with her. It was then that she realized that it was her own reflection she was staring at.

Radhika closed her eyes, her head was a jumble of emotions. Everything was alright a week ago! I was just a normal girl, living my life; but look what happened to me!"

She could feel it happen, she could feel the life going out of her. The pain! It was still very unbearable .she could not help but recall how her day started today. She woke up happy ---. The case has been won; finally the battle between David and Goliath had ended. Daniel prevailed against all odds. The villagers had won back their home; she had won it with them!

Radhika had often wondered what life held for her. She had entered college wanting to do something for the good of others. Girls like herself who had strived for their living and the light of happiness for their family who worked so hard these girls could fulfill their dreams. She herself being from Rhancholi a small village in the outskirts of Jharkhand.She new how necessary education was and how it could change the life of the people. However they were all tenants in their village. They had to pay a monthly sum to a local landlord Kishan Chand who owned all their fields. They all knew that it was held illegally. But neither the government nor the leaders cared. They all received a landsome amount from Kishan Chand regularly. Anyone who dared to raise their voice against Kishan Chand was treatered & silenced by the group of goons.

But Radhika was never afraid; she had made up her mind. She was going to fight for Rancholi and the villagers, come what may. She had worked day and night towards this cause and finally her dreams had taken wings and the case had been won in their favour. Radhika had jumped with joy at the verdict and had given out sweets to everyone. This victory needed to be celebrated."

As she started her bike, a thousand emotions filled her head. The celebrations, the face of the villagers, her own parents, proud and happy and her little sister Chutki. He used to make paper boats with Chutki and they watched as they sailed along the little stream alongside their home dreaming of the day when the village would be free from Kishan Chand. All these thoughts were racing in her head. When suddenly something hit her bike hard, then everything was a complete blank.

The pain seemed to gush inside her again , engulfing her completely. One voice though, seemed to be boom insider her head" Did you think you could get away so easily you little scum". The voice belonged to Kishan Chand. She knew it. She had seen his pan stained mouth and heard the decoction of ugly words racing out

There were six of them, and they had taken turns. Turns to beat her, turn to abuse her. She was chained to the truck like an animal and raped repeatedly, till nothing remained of her and then dumped unceremoniously on a wasteland upon shards of glass which bit into her skin the hurt was unbearable, only bits of her that remained that the others not managed to distroy..

No one would find out of course. Her story would remain unearthed like a fossil for time immemorial". The shard of mirror reflected her face again as the moon found its way out of the clouds. As she took her last breath she could not help but imagine what her life would have been, remorse filled her soul but not regret. Her life had not been for nothing. Because every story has a silver lining. Maybe she would find hers on the other side; or maybe she already did



# JUST IN TIME

You are afterall just a dentist", if you studied properly you would have been sitting properly in a Government Medical College .You will finish this course within ten years. I will make sure of that, shouted the professor followed by the singing silence. Karthik did not see a word . He knew some of the things whichthe professor said was right but the others weren't. He mentally wished if he had seriously worked when he repeated at Brilliant, but he hated the thought of that professor saying you are just a dentist. He mentally cursed and to all Godsthat this man whoever he didn't know the professor name will never achieve anything good in life. Even the professor is just a dentist correction An oral and maxillafacial surgeon.

Let me introduce myself. I am karthik and I am supposed to complete my dentistry in the year 2012 while my batchmates

finished their courses I sat and studied in my first year in 2 years, my second year is 2 and ahalf years. The reason performance was lazyness and lack of interest for studying. I hated the first and second year topics. But I started developing an interest for dentistry from third year when I entered the clinics. My favourite department was Oral and maxillofacial surgery and his favorite teacher was Dr. Sujith. It was under his guidance I started loving this subject. I started loving the subject when I found out that I was good. Moveover I didn't want to disappoint my mentor Dr. Sujith because he did not differentiate between regular batch and additional batch students and I would relate more with him because he himself was an additional batch student and is currently the most renowed oral and maxillofacial surgery of that area.

The door of the surgery department opened just in time and I had a fleeting glimse of an unconscious person fully in blood being thought to the operation theatre in a stretcher. I was being --- the professor for my lack of punctuality. I put on my gloves face mask and other accessories and immediately ran to the operation theatre. Dr. Sujith was already attending the patient in Dr. Sujith called me aside and explained the situation. The person who has this accident was Manu .Manu was driving his motorcycle without a helmet and he collided with a lorry that came offside. Instead of taking him to the hospital the lorry driver brought him to the nearly dental college. Our dental college was in the outskirts of Trivan drum. We have to go nearly 30km for a decent hospital. As the patient's condition was critical they thought him to our college.

Dr. Sujith called m e aside he knew I was passionate about surgery and we shared a land more than that of a teacher and student. He said, we need to operate on him and I want you to assist me he said. This half side of the face was fully crushed his temperomandible joint was dislocated. I said yes sir we will definitely do the surgery before the lot reaches the brain and we well put him out of danger" but there is a problem said Dr. Sujith. An angry mob mainly the local people have gathered outside the college after knowing about the accident and they are refusing to do the surgery in a dental college. The security was having a hard time to calm the angry mob. And also of we need immediate supply of Adrenaline.

I immediate called my friend nicknamed Mottu. He had like and asked him to go to the nearly medical store with the prescription. Dr. Sujith I asked him to go from the back gate to escape the angry mob.

I, Dr. Sujith and two other professors along with two other nurses put on our and entered the operation theatre. And we began the operation. The patient's condition started to become critical, his blood pressure and pulse began to drop critically. Inject Adrenaline! the other professor cried, "we don't have any sir. Mottu had gone to buy it sir. The tension level in the operation theatre began to increase. We had no clue how to continue without administering this doing. Meanwhile I went out of the operation theatre and called Mottu. He didn't pick my call. I kept on calling and finally he picked the call. He said, "Dude! Can you believe my luck! I got the drug but on my back my bike broke down"I have clue what to do I am now running through the shortcut, I am not getting any lift also. I froze when I heard this here the patient's condition was sinking and we were doing this surgery at our own risk, I was absolutely Mottu was panting big time I called him again dude I reached the college gate but the crowd is not allowing me to go in. They are protesting and fighting here. I sent m y other friend immediately to run to the gate and get the drug. Meanwhile Mottu was getting thrashed by the angry mob. Finally shilpa reached the gate and took the drug from Mottu though the of the gate and rushed it to our department which was in the fourth floor she was our champion. She rushed it to our department . I immediately gave the drug to Dr. Sujith.

Finally the patient was out of danger. By then the patient's family arrived they came and fell at Dr. Sujith's feet and said "you are an angel, sent by God to save Manu!.I don't know how to thank you the feeling we all felt was applendid. When I am the events, I was think the whole sequence of events, this whole operation was possible because everything happened just in time. If anything had happened one second after we wouldn't have been able to save the patient's life. Like the famous quote "time and tide waits for now man. Ii understood that our life is scheduled to work "Just In Time".



# "Tick Tock" RUN WHILE THE CLOCK RUNS "Tick Tock"

Being one of the millennial raise, I have only heard of one thing all my life. From as early as one can remember to this very moment this one line has probably been told so many times that it is now etched all over our minds. It subtly influences literally every aspect of our life. When we wake up, how we walk, how we talk, how we feel. God this wretched feeling that keeps repeating.

"Life is a race", if we don't run fast others will run faster and trample upon us, so run while the clock keeps ticking. This story is about me, my struggles of keeping up with the ever ticking time, while maintaining my questionable sanity.

When I was a kid I was told life is like a train running over railway tracks. Wrong move, the train in the form of life gets displaced and that it would take hell lot of energy and TIME to get it back on track. And when we fall back on the right track we will find out that everyone has either already us or has reached the station. Fair enough but I just took it too seriously.

Thanks to my naïve perception of life, I pulled up my socks, tightened my pony, set out to live life faster and better than others. Just so I would be the first to arrive at the 'station'.

Now when I look back I can definitely tell I sacrificed a huge chunk of my childhood behind the books with embarrassingly minimal number of friends and no life outside the study room.

My grades were at their finest ----. I was topping the school regularly every city, every school I ever attended.
Needless to say that my parents were proud of their prodigy daughter.  I felt on top of the world every time results were and Grade 11th and 12th combined saw me attending various tuitions and coaching as the race to a prestigious college is cut throat.  I am glad I worked till my brain went member.  I am glad I did sweat it out.  I am glad I did give my best. I realized that there wasn't a single soul in the "station" to greet me when I arrived.
Then the entrance result were announced & this on time , on track train came crashing through Despite all the run until then  I had secured only an  8th percentile All India.
I had missed the station but my passion wasn't dead and I had an extremely supportive family. They told me that the race is still on, I can't give up.
So I ran.

I ran further; I went to brilliant coaching centre, there I saw neither day nor night only the entrance examination books.  My life oscillated between a coaching centre and my hostel.  I dreamed of equations, thought about chemical reactions and learned an awful amount of biology.  I was running the fastest.

I had ever  but something miraculous happened there.  I was living and studying with people who had repeated, some had re-repeated while very few re-repeated exceptions included people who had given up their jobs just to unlearn and learn everything at their own space.
I wondered what train they were on. I wondered if they had their friends.  They just did things at their own pace.  They did not race what others thoughtdid not bother them.  They did not care how many times they get off tracked, but  the destination was their goal  only site.

They had realized  that people have their own clock. Where we graduate when the time is right, get married when the person is right, we get paid our first salary when the effort put in is right.

All of this really inspired me to stop worrying about the global clock ticking over the world's head.
I started doing things at my own pace, enjoy the beauty life taking back memories of some lifelong friends I made and well achieving the 98th percentile All India.  For me my clock did not stop when I reached college with an year junior as classmates because I am totally just in time.


PMS
INTERNATIONAL
FACULTY WEEK
12th to 16th Feb. 2019




PMS
INTERNATIONAL




INTERNATIONAL
FACULTY WEEK
PMS COLLEGE
OF
DENTAL SCIENCE AND RESEARCH


PMS
INTERNATIONAL
FACULTY WEEK
12th to 16th Feb. 2019
PMS COLLEGE


Mahmoud Ezzat Ghazi
Egypt








to 16th Feb. 2019


to 16th Feb. 2019









# PINK RIBBON MONTH
















# UG INDUCTION CEREMONY


















# WORLD ENVIRONMENTAL DAY







# WORLD NO TOBACCO DAY























PMS COLLEGE OF
DENTAL SCIENCE & RESEARCH

Golden Hills ,Vattappara,Trivandrum.695028
www.pmscollege.ac.in